"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

പുസ്തകം 2 | 1964 ജൂൺ 1 | ലക്കം ൬

ജന്മവൃദ്ധിപരിണത്യപക്ഷയ-
വ്യാധിനാശനവിഹീനമവ്യയം ।
വിശ്വസൃഷ്ട്യവവിഘാതകാരണം
ബ്രഹ്മ തത്ത്വമസി ഭാവയാത്മനി ॥

ശ്രീശങ്കര

ജനനം, വർദ്ധനവ്, പരിണാമം, വ്യയം, വ്യാധി, നാശം എന്ന ഷഡ്‌വികാരരഹിതനും, അവ്യയനും, സർവ്വലോകങ്ങളുടേയും സൃഷ്ടിസ്ഥിതിപ്രളയങ്ങൾക്കു കാരണഭൂതനുമായ 'ബ്രഹ്മം' നീതന്നെയാണ്. ഈ തത്ത്വത്തെ വീണ്ടും വീണ്ടും മനസ്സിൽ ഭാവന ചെയ്യുക.

ഒറ്റപ്രതി വില: 0-40. വാർഷികവരിസംഖ്യ: 4-50.

# വിഷയവിവരം


1. നമോവാകം. 1

2. ശ്രീഗുരുകളുടെ ജ്ഞാനനിഷ്ഠയും നിർവൃതിയും 7

—സ്വാമി പൂർണ്ണാനന്ദതീർത്ഥ

3. ശ്രീശങ്കരൻ 10

—സ്വാമി ആത്മാനന്ദ

4. അമരവാണി 15

5. ആത്മജ്ഞാനോപദേശവിധി 16

—സ്വാമി ഹരിഹരാനന്ദസരസ്വതി

6. ലഘുവാസുദേവമനനം 22

—സ്വാമി പുരുഷോത്തമതീർത്ഥ

7. ഉത്തരഖണ്ഡപര്യടനം 27

—സ്വാമി ദയാനന്ദതീർത്ഥ



ജ്ഞാനാശ്രമം, P. O. പാർളിക്കാട്,

വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ട്രിക്ട്,

കേരളാ സ്റ്റേറ്റ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

| പുസ്തകം 2 | 1964 ജൂൺ 1 | ലക്കം 8 |
|---|---|---|

## നമോവാകം

ആയിരത്തിഇരുനൂറോളം വർഷങ്ങൾക്കു മുമ്പാണ്. ഏകാന്തസുന്ദരമായ നർമ്മദാതടങ്ങളിലെ വനഗഹനത. ഒരു കരിമ്പാറയുടെ ചെരിവിലുള്ള സ്വച്ഛമായ ഗുഹാമുഖം. ബാലാർക്കന്റെ കരവിരുതു സമീപമുള്ള തൃണാങ്കുരങ്ങളിലും പത്രാഗ്രങ്ങളിലും മണികൾപോലെ പറ്റിനില്ക്കുന്ന പനിത്തുള്ളികളെ വൈരക്കല്ലായി മാററിയിരിക്കയാണ്. കേളീലോലനായ ഇളംകാററ് തരുശിഖരങ്ങളെ ഉലത്തുമ്പോൾ ഉതിർന്നു വീഴുന്ന ആ വെൺമണികൾ ഒരു തണുത്ത ചെറുമഴപോലെ കോരിത്തരിപ്പിക്കുകയാണ്. പ്രശാന്തമായ അന്തരീക്ഷം, പരിപാവനമായ പരിസരങ്ങൾ. ശാന്തിയും സമാധാനവും ഓളംവെട്ടുകയാണവിടെ.

അതാ, അനാഗതശ്മശ്രുവായ ഒരു കുമാരൻ. പന്ത്രണ്ടു വയസ്സിലേറെ പ്രായംതോന്നാത്ത പരമതേജസ്വിയായ ബ്രഹ്മചാരി. നിർഭയതയേയും, ദയാദാക്ഷിണ്യാദികളേയും, തന്റേടത്തേയും, തീവ്രബുദ്ധിയേയും, പ്രദ്യോതിപ്പിക്കുന്ന പ്രസന്നസുന്ദരമായ മുഖം. ലളിതമോഹനമായ ശരീരം. സാവധാനം നടന്നു് ഗുഹാമുഖത്തിൽ എത്തിയ ആ ബ്രഹ്മചാരിയുടെ മുഖത്തു്, താൻ തിരഞ്ഞു നടന്നു കണ്ടെത്തിയ തൃപ്തിയിൽ വാർത്തെടുത്ത പുഞ്ചിരി പരന്നു. തന്റെ ആഗമനത്തെ ഗുഹക്കുള്ളിൽ ഇരിക്കുന്ന ആളിനെ അറിയിച്ചു. ഗുഹാന്തർഭാഗത്തുനിന്നും മന്ദ

ഗംഭീരവും, ശാന്തിദ്യോതകവുമായ സ്വരത്തിൽ "നീ ആരു്" എന്ന ചോദ്യം. ആ ചോദ്യം ദിവ്യമായ ഒരു ചിന്താവലയത്താലെന്നപോലെ കുമാരന്റെ മുഖത്തെ ശോഭായമാനമാക്കി. ആ ചുണ്ടുകൾ ചലിച്ചു. വേദാന്തസാഗരത്തിന്റെ അത്യഗാധതയിൽമാത്രം കണ്ടെത്തുന്ന ചില അനർഘരത്നങ്ങൾ—ബ്രഹ്മസാക്ഷാൽക്കാരത്തിൽ കരുപ്പിടിച്ച ആശയ വൈചിത്ര്യങ്ങൾ—ഇവ ഛന്ദോവൈഖരികളായി അവിടെനിന്നും വി നിർഗളിച്ചു. "ഞാൻ സച്ചിദാനന്ദരൂപമായ ബ്രഹ്മംതന്നെയാണു്, ഇ ന്ദ്രിയവിഷയകമായ പ്രപഞ്ചവസ്തുവൊന്നുംതന്നെയല്ല" എന്ന തത്വ ത്തെ അനവദ്യസുന്ദരമായ ശൈലിയിൽ, മികവുററ ഭാവനാഭാസുരത യോടെ, ഭക്ത്യാദരപൂർവ്വകം തന്റെ ഗുരുപാദങ്ങളിൽ സമർപ്പിക്കയായി. പദ്യോച്ചാരണംപരിസമാപിക്കും മുമ്പുതന്നെ ഗുഹയുടെ ഉള്ളിൽനി ന്നും പുറത്തെത്തിയ, മഹാതപസ്വിയും, ഉത്തുംഗശ്രീമാനും, ജടധാരി യും, ദയാകുലേക്ഷണനുമായ ആ മഹാത്മാവു്, തന്റെ ദീർഘബാഹു ക്കൾകൊണ്ടു് ആ കുമാരനെ വലയംചെയ്തു കഴിഞ്ഞിരുന്നു.

താപസവരേണ്യനും കാരികാകർത്താവുമായ ശ്രീഗൗഡപാദയതീ ശ്വരന്റെ ശിഷ്യോത്തംസവും, ധന്യധന്യനുമായ ശ്രീ ഗോവിന്ദാചാ ര്യരാണു്, നാം കണ്ട ഗുഹാവാസിയായ പുണ്യപുരുഷൻ. ആ ബ്രഹ്മചാരിയോ, അതു മററാരുമല്ല; പില്ക്കാലങ്ങളിൽ ശ്രീ ശങ്കരാചാര്യ സ്വാമികളെന്ന നാമത്താൽ ദിഗന്തവിശ്രാന്തകീർത്തിമാനായ മഹാപുരു ഷൻ. ഐതിഹ്യങ്ങളെ ആധാരമാക്കുന്നപക്ഷം വെറും എട്ടാമത്തെ വയസ്സിൽ സ്വമാതാവിന്റെ അനുമതിയോടെ സർവ്വസംഗപരിത്യാഗം ചെയ്ത ആ പുണ്യശ്ലോകൻ, തന്റെ ഗുരുവിനെ തിരഞ്ഞു വന്നിരിക്കയാ ണു്. ഗോവിന്ദപാദർക്കു് ഇതിലേറെ സന്തോഷമുണ്ടാകാനില്ല. വി ദ്യയെ ശിഷ്യോത്തമനു കൊടുക്കാൻ സംഗതി വരുന്നതിലേറെ ആഹ്ലാ ദകരമായി ഒരു യഥാർത്ഥ ഗുരുനാഥനെന്താണുള്ളതു്! അദ്ദേഹം ഇത്ര നാൾ ഈ സന്ദർശനത്തിനുവേണ്ടിമാത്രം കാത്തിരിക്കയായിരുന്നു. അതു സാധിച്ചു കഴിഞ്ഞിരിക്കുന്നു.

ഗുരുവിൽനിന്നും "സ്ഥിരോപദേശാമുപദേശകാലേ പ്രപേദിരേ പ്രാക്തനജന്മവിദ്യാഃ" എന്ന മട്ടിൽ വിദ്യ സ്വീകരിച്ചുകൊണ്ടിരിക്കു മ്പോൾതന്നെ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ശ്രീശങ്കരൻ ഗ്രന്ഥര ചനയും ചെയ്തുപോന്നിരുന്നു. ഈ മഹാമതിമാൻ തനിക്കു പതിനാറു

വയസ്സു തികയുന്നതോടുകൂടി തന്റെ ഗ്രന്ഥരചനകളും എല്ലാം കഴിച്ചു വച്ചു എന്നാണു് പറയുന്നതു്. അഭൗമമായ മേധാബലം! അപ്രതിമമായ പ്രവൎത്തിപാടവം! അതുല്യമായ തപശ്ചര്യ! അല്ലയോ ഭാരതാംബേ! ഈദൃശമായ പുത്രസൌഭാഗ്യം മറേറതു നാടിനാണുണ്ടായിട്ടുള്ളതു്? നീ തന്നെ ധന്യധന്യ!

കേരളക്കരയിൽ സുപ്രസിദ്ധയായ ചൂൎണ്ണീനദീതീരത്തിൽ, കാലടി എന്ന ഒരു ചെറിയ ഗ്രാമമുണ്ടു്. അവിടെ 'കൈപ്പള്ളി' എന്നു പേരായ ഒരില്ലമുണ്ടായിരുന്നു. ശ്രീശങ്കരന്റെ ജനനംമൂലം പരിപൂതമാക്കപ്പെടാനുള്ള ഭാഗ്യം ആ ഗൃഹത്തിനാണു് ലഭിച്ചതു്. ശ്രീശങ്കരഭഗവൽപാദരുടെ പിതാവിന്റെ നാമധേയം നീലകണ്ഠഭട്ടതിരി എന്നും മാതാവിന്റെ പേർ ആൎയ്യാംബ എന്നുമായിരുന്നു. എന്നാൽ ശ്രീപരമേശ്വരന്റെ അവതാരമെന്നു കരുതപ്പെട്ട ശങ്കരാചാൎയ്യരുടെ പിതൃത്വം ലഭിച്ചതിനാലാകാം, 'അദ്ദേഹത്തെ' ശിവഗുരു എന്ന നാമധേയത്തിലാണു് പരക്കെ അറിഞ്ഞുപോരുന്നതു്. ആചാൎയ്യസ്വാമികൾ ഭൂജാതനാകും മുമ്പു തന്നെ പിതാവു പരലോകപ്രാപ്തനായി. പിതാവിന്റെ മരണശേഷം പിറന്ന കുട്ടിയുടെ ജാതകൎമ്മം മുതലായതെല്ലാം നടത്തിയതു മാതാമഹനായിരുന്നതിനാൽ നിൎദ്ദോഷിയായ ശിശുവിനു, മീമാംസകരുടെ ഉരുക്കു കോട്ടയായിരുന്ന അന്നത്തെ ബ്രാഹ്മണവൎഗ്ഗം പതിത്വം കല്പിച്ചിരുന്നുവത്രേ!

ലോകത്തിൽ സംഭവിക്കുന്നതെല്ലാം ജീവികൾക്കു് ഒരു രീതിയിലല്ലെങ്കിൽ മറെറാരുരീതിയിൽ അനുകൂലമായിരിക്കും. പക്ഷെ അജ്ഞനായ മനുഷ്യൻ ആ പരമാൎത്ഥത്തെ മനസ്സിലാക്കാൻ ശക്തനാകുന്നില്ല. ആദിയിൽ ദുഃഖകരമെങ്കിലും പരമാനന്ദപ്രദമായ അവസാനഘട്ടത്തോടുകൂടിയ സാത്വികസുഖഭാവത്തെ പൂൎണ്ണദൃഷ്ടിയിലൂടെ കണ്ടുപിടിക്കാൻ അപ്രാപ്തനാണു് ഭൌതികസുഖാലംബിയായ മനുഷ്യൻ. ശ്രീശങ്കരനു് ഇങ്ങിനെയൊരു പതിത്വം കല്പിച്ചതു്, എത്രമാത്രം ദൂരവ്യാപകങ്ങളായ ഫലങ്ങളെ ഉല്പാദിപ്പിച്ചില്ല? ലോകോത്തരധിഷണാശാലിയായ ശ്രീശങ്കരന്റെ കുരുന്നുമനസ്സിൽ, തീവ്രമായ വൈരാഗ്യവഹ്നി കത്തിജ്വലിപ്പിക്കുവാൻ ഇതു കാരണമായിത്തീൎന്നു. അസത്യങ്ങളും അൎദ്ധസത്യങ്ങളുമായ ആചാരങ്ങളേയും, ചടങ്ങുകളേയും ജനതാമദ്ധ്യത്തിൽനിന്നു് ആട്ടിപ്പായിച്ചു്, "നിത്യശുദ്ധ ബുദ്ധ മുക്ത" സ്വഭാവമായ ആത്മാനു

ഭ്രുതിയുടെ താത്വികവശത്തെ വേദാന്തവ്യാഖ്യാനങ്ങളിലൂടേയും വേദാന്തപ്രചരണത്തിലൂടേയും ലോകത്തിൽ ഊന്നിയുറപ്പിക്കുവാനുള്ള പ്രചോദനം ആചാര്യസ്വാമികളിൽ ഉടലെടുത്തു. കേവലം ശിശുവായിരിക്കുമ്പോഠംത്തന്നെ അദ്ദേഹം അതീവ വിരക്തനായിത്തീൻ. ഗ്രഹജീവിതം വെടിഞ്ഞ് ദേശാന്തരം പ്രാപിച്ച ആ ഉത്തമകുമാരൻ ഗോവിന്ദപാദസ്വാമികളുടെ ശിഷ്യത്വത്തോടെ സംന്യാസം സ്വീകരിച്ചു.

തൻെറ അതിപ്രസിദ്ധങ്ങളായ പല ഗ്രന്ഥങ്ങളും രചിച്ചതിനുശേഷമാണ് സനാതനധമ്മപുനരുദ്ധാരണത്തിനുവേണ്ടി അദ്ദേഹം മുതിന്നു പുറപ്പെട്ടത്. ഭാരതഖണ്ഡത്തിൽ അങ്ങോളമിങ്ങോളം നടമാടിയിരുന്ന അന്ധവിശ്വാസജടിലമായ അനാചാരപരമ്പരയേയും, അതിനെല്ലാം പിൻതുണ നല്കിപ്പോന്ന മതാചാരങ്ങളുടേയും മീമാംസാദികളായദശ്നങ്ങളുടേയും അയുക്തികതയേയും, അപ്രബലതയേയും, അദ്ദേഹം പകൽവെളിച്ചത്തിലെന്നപോലെ ലോകത്തിന് പ്രത്യക്ഷമാക്കിക്കൊടുത്തു. ഹൈന്ദവധമ്മത്തിൻെറ ദുർബലതയെ മുതൽക്കുട്ടാക്കി ഭാരതത്തിൽ പുനഃപ്രതിഷ്ഠക്കു തക്കംകാത്തു വസിച്ച ബൗദ്ധസിദ്ധാന്തത്തെ നിശ്ശേഷം തട്ടിനീക്കി. വേദങ്ങളുടെ കാതൽ ഉപനിഷത്തുക്കളാണെന്നും, അദ്വൈതസിദ്ധിയാണ് മനുഷ്യൻെറ ജീവിതലക്ഷ്യമെന്നും അദ്ദഹം നിവ്വിശങ്കം തെളിയിച്ചു. ഉപനിഷത്തുക്കഠം, ബ്രഹ്മസൂത്രം, ഭഗവത്ഗീതാ എന്നിവയ്ക്കെല്ലാം ഉത്തുംഗങ്ങളായ ഭാഷ്യങ്ങഠം നിമ്മിച്ച് അവയിലുള്ള പരമാത്ഥതത്വങ്ങളെ ലോകത്തിനു വെളിവാക്കിക്കൊടുത്തു. അനഘങ്ങളായ മററു പല ഗ്രന്ഥങ്ങളും നിമ്മിച്ചു വേദാന്തതത്വങ്ങളെ ജനങ്ങഠംക്കു കൂടുതൽ പരിചയമാക്കിക്കൊടുത്തു.

ഇതിനെല്ലാം ഉപരിയായി അനന്തപ്രഭാപൂണ്ണമായ ഭാരതീയസംസ്കാരത്തെ വേദാന്തത്തിലൂടെ വളത്തിയെടുക്കാനും, അവരവക്ക് സ്വയം ആത്മലാഭം നേടാനുള്ള ഋജുമാഗ്ഗമായും അദ്ദേഹം ഒരു സന്യാസപരമ്പരയെത്തന്നെ സംസ്ഥാപിച്ചു. അതിൻെറ കേന്ദ്രസ്ഥാനങ്ങളായി നാടിൻെറ നാലു ഭാഗങ്ങളിലുമായി നാലു മഠങ്ങളും ഉണ്ടാക്കി. ശൃംഗേരി, ദ്വാരക, പുരി, ജ്യോതിമ്മഠം എന്നീ സ്ഥാനങ്ങളാണ് ഇന്നും ദശനാമി സന്യാസിമാരുടെ പീഠസ്ഥാനങ്ങളെന്നു സങ്കല്പിച്ചു വരുന്നത്. എന്നാൽ കാലഗതിയും, ആചാര്യമര്യാദകളും പലതിനേയും തകിടംമറിച്ചുകളഞ്ഞു. യാഗയജ്ഞാദികളേയും പൂജാവിധികളേയും പിൻ

ത്തള്ളിയ ശങ്കരാചാര്യസ്വാമികളുടെ പിൻഗാമികളെന്നു സ്വയം അഭിമാനിക്കുന്നവർ ഇപ്പോഠം അവയുടെ പിന്നാലെതന്നെ കൂടിയിരിക്കുന്നതു കാണുമ്പോഠം അത്ഭുതപ്പെടാതെ നിവ്വാഹമില്ല.

വെറും ചണ്ഡാലനിലും ഗുരുവിനെ ദശിക്കുന്ന തുംഗഹൃദയനെ,—സന്യാസിയെങ്കിലും മാതൃഹിതം നിവത്തിക്കാൻ ആ അഭിവന്ദ്യയുടെ കാലശേഷം അനന്തരക്രിയകഠം ചെയ്ത ലോലഹൃദയനെ—സവ്വഭൂതങ്ങളിലും സമഭാവം ദശിച്ച ആ അദ്വൈതപ്രവാചകനെ—ആ പരമ തപസ്വിയുടെ യശോചന്ദ്രികയിൽപോലും ചളിവാരിയെറിയാൻ മുതിൎന്ന ലോകത്തെപ്പോലെ നിർഘൃണത മറെറന്തിനാണുള്ളതു്? കേരളക്കരയിൽ കാണുന്ന അനാചാരങ്ങഠംക്കും, ജാതിവ്യത്യാസങ്ങഠംക്കും, ഉച്ചനീചത്വങ്ങഠംക്കും എല്ലാം നിമിത്തകാരണമാക്കിവച്ചിരിക്കുന്നതു ശ്രീശങ്കരഭഗവത്പാദങ്ങളേയാണ്. എന്തൊരു വൈപരീത്യം! ഇതിനു് ഉപാദാനമായി ''ശാംങ്കരസ്മൃതി'' എന്നൊരുഗ്രന്ഥകർത്തൃത്വവും ശങ്കരൻെറ തലയിൽ കെട്ടി ഏല്പിച്ചിട്ടുണ്ടു്. ഏതോ ഒരു രക്തരക്ഷസ്സ് ചെയ്തുവെച്ച കുടുംകയ്ക്കു ദേവദൂതൻ സമാധാനം പറയണമെന്നുവന്നാൽ—പക്ഷേ രക്ഷസ്സിനേയും ദേവദൂതനേയും വിരചിച്ചതു് ഒരേ കരംതന്നെയാണല്ലോ!

ഇത്രമാത്രം ഉന്നതനായ വേദാന്താചാര്യനായിരുന്നിട്ടും ബദരി തുടങ്ങിയ പുണ്യക്ഷേത്രങ്ങളുടെ സ്ഥാപനവും, മററു പല ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണവും ചെയ്യാൻ ശ്രീശങ്കരൻ മടിച്ചില്ല. ഇതു് ഒരു വൈരുദ്ധ്യമായി തോന്നാം. എന്നാൽ അതങ്ങിനെയല്ല. പരമമായ ഏകത്വത്തെ അറിയാനും അതിനെ ഭാവനം ചെയ്യാനും, അത്രമാത്രം സൂക്ഷ്മബുദ്ധികഠംക്കും, സ്വതന്ത്രചിന്തകൎക്കും മാത്രമേ സാദ്ധ്യമാകൂ. സാധാരണ ജനങ്ങഠംക്കു് എന്തെങ്കിലും ഒരു പ്രതീകമില്ലാതെ ഈശ്വരാരാധന സാദ്ധ്യമേയല്ല. അനീശ്വരതയിലും, ശൂന്യതയിലും അടിയുറച്ച ബൗദ്ധവിശ്വാസങ്ങഠംപോലും കാലക്രമേണ വിഗ്രഹാരാധനയ്ക്കു് ഇടം നല്കിത്തുടങ്ങി. ഭീമാകാരങ്ങളായ ബുദ്ധവിഗ്രഹങ്ങഠം നാം നാടിൻെറ നാനാഭാഗങ്ങളിലും കാണാറുണ്ടു്. ഇവയെല്ലാം ഒരു കാലത്തു പൂജാവിധേയങ്ങളായിരുന്നു. അതുപോലെ അദ്വൈതാചാര്യനായ ശ്രീശങ്കരൻ തൻെറ കൂർമ്മബുദ്ധിയിലൂടെ മനുഷ്യൻെറ ക്ഷീണവശങ്ങളെ ഗ്രഹിച്ച് അവരവൎക്കനുകൂലമായ ആരാധനക്രമങ്ങളേപ്പെടുത്തി. ആദ്യം

ഈശ്വരഭാവനയുണ്ടാകട്ടെ. അവിടെനിന്നും അവൻ ക്രമേണ ഉയൻ്റു കൊള്ളും, എന്നായിരുന്നിരിക്കണം അദ്ദേഹം തീരുമാനിച്ചതു്.

ആചാര്യസ്വാമികളുടെ സമാധിസ്ഥാനത്തേപ്പററി അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, ഒരു ഭൂരിപക്ഷം അഭിപ്രായപ്പെടുന്നതു കേദാരനാഥമാണ്് അദ്ദേഹത്തിൻെറ സമാധിസ്ഥാനമെന്നാണ്. കേദാരനാഥമന്ദിരത്തിനു പിറകിലായി, കേദാരശിഖരത്തിൻെറ കട്ടംത്തുക്കായ ഉയച്ച് തുടങ്ങുന്നിടത്തുതന്നെ ഒരു ശിലാഖണ്ഡമുണ്ട്. അവിടെവച്ച് അദ്ദേഹം വിദേഹമുക്തനായി എന്നാണ്് പറഞ്ഞു വരുന്നതു്. ആ സ്ഥാനത്തു് ഇപ്പോൾ ഉത്തർപ്രദേശ് ഗവണ്മെൻറ് ഒരു സ്മാരകം നിമ്മിച്ചിട്ടുണ്ട്. ഭാരതവഷ്ത്തിൻെറ തെക്കേ അററത്തു പിറന്ന ഒരു ബ്രാഹ്മണകുമാരൻ ഭാരതമൊട്ടുക്കു നടന്നു തൻെറ വെന്നിക്കൊടി നാട്ടിയശേഷം, ഏററവും ഉത്തരപ്രദേശത്തുള്ള ഉന്നതഭൂമിയിൽവച്ച സമാധിസ്ഥനാകുക! ഇതു ഭാരതത്തിൻെറ സാംസ്കാരികൈക്യത്തേയല്ലയോ കുറിക്കുന്നതു്? ആദി മുതൽ അന്തംവരെ ശ്രീശങ്കരൻ ഒരു സംയോജകനായിരുന്നു. ഏകത്വമായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. തൻെറ ചുരുങ്ങിയ മുപ്പത്തിരണ്ടു വഷത്തെ ആയുസ്സിന്നിടയിൽ എത്രയോ ജന്മങ്ങൾകൊണ്ടു ചെയ്തുതീക്കാൻ വിഷമങ്ങളായ പലതും അദ്ദേഹം നേടിയെടുത്തു. ആ പരമോന്നതനായ തപസ്വി പിറന്ന ഭൂമിതന്നെ എത്രയോ പവിത്രയാണ്. പിൽക്കാലങ്ങളിൽ അധമ്മം കുത്തിമറിഞ്ഞിട്ടും ഭാരതവഷം നശിക്കാതെ നിലനിന്നതു്, ഇത്തരം ചില മഹാത്മാക്കളുടെ ആവിർഭാവത്താൽ മാത്രമാണെന്നു നമുക്കു തികച്ചും വിശ്വസിക്കാം.

ആവിർഭവിച്ചു, ഉജ്ജ്വലിച്ചു, കുതിച്ചുയന്നു, ലോകമെമ്പാടും പ്രഭാപൂരിതമാക്കി, മറഞ്ഞു! പക്ഷേ ആ ഭാസ്വരതേജസ്സിനെ എന്നെന്നും ലോകം ഓക്കും. ആ പ്രകാശത്തിലൂടെ ദശിച്ച പരമാത്ഥങ്ങൾ നമ്മെ എന്നെന്നും പരമപ്രകാശത്തിലേയ്ക്കു നയിക്കും.

ഭഗവൻ! അങ്ങേയ്ക്കു് നമസ്കാരം!

# ശ്രീശുകരുടെ ജ്ഞാനനിഷ്ഠയും നിർവൃതിയും—3

**(സ്വാമി പൂർണ്ണാനന്ദതീർത്ഥ)**

[ തുടർച്ച ]

എത്രതന്നെ മഹാനായ പണ്ഡിതനായാലും ജ്ഞാനിയായാലും ശരി, അദ്ദേഹത്തോടുകൂടി കുറെ ഏറെക്കാലം അടുത്തു പരിചയപ്പെടുന്ന ചിലരുടെ ഹൃദയത്തിൽ അദ്ദേഹത്തോടുള്ള ഭക്ത്യാദരങ്ങൾ കുറഞ്ഞു പോയി എന്നു വരാം. മനുഷ്യസ്വഭാവത്തിൻേറയും ജ്ഞാനസ്വഭാവത്തിൻേറയും ഒരു വിശേഷതയാണിതു്. ആദരണീയരായ സത്തുക്കളെ ആദരിക്കുന്നതു് ആദരിക്കുന്നവരുടെ വിവേകവിജ്ഞാനങ്ങളുടേയും, സംസ്കാരത്തിൻേറയും ഉൽകൃഷ്ടസ്ഫുരണമായിരിക്കുമെന്നുമാത്രമല്ല, അവക്കു് അതു് ഏററവും ഗുണപ്രദവുമായിരിക്കും. ഭാരതീയരുടെ സംസ്കാരത്തിൽ മാതാവിനേയും പിതാവിനേയും സ്നേഹിക്കുവാനും ആദരിക്കുവാനും കുട്ടികളെ പഠിപ്പിക്കുന്നതു് ഏററവും സാരവത്തായ ഒരു സംസ്കാരമാണു്. അവരാണല്ലോ കുട്ടികളുടെ ആദ്യഗുരുക്കൾ! ആ വിധം ആദരിക്കുന്നവരുടെ സ്വഭാവമേ നന്നാകൂ; ഹൃദയമേ ശുദ്ധമാകൂ!

പക്ഷെ, ജീവിതത്തിൽ പ്രധാനമായി എല്ലാവരും കൈക്കൊള്ളേണ്ടതായ ഈ ശുഭധർമ്മത്തിൽനിന്നു വ്യതിചലിച്ചുപോകുന്നവർ എത്രയോ ഉണ്ടു്. അച്ഛനമ്മമാർ ശ്രേഷ്ഠതയോടുകൂടിയവരും, ജ്ഞാനികളും ആയാലും ശരി, അതു വകവച്ചുകൊടുക്കാത്ത സന്താനങ്ങൾ ഇക്കാലങ്ങളിൽ ദുർല്ലഭമല്ല. മനുഷ്യസ്വഭാവത്തിൻെറ ഈ പ്രത്യേകപ്രവണതയിൽനിന്നു കുട്ടികൾ രക്ഷ നേടുന്നതു് ഏററവും ഗുണകരമായ ഒന്നാണു്.

ശ്രീശുകനു വേദവ്യാസനോടു് അനാദരവല്ല തോന്നിയതു്. അദ്ദേഹം ഉപദേശിച്ചതുകൊണ്ടു ശുകൻ തൃപ്തിപ്പെട്ടില്ലെന്നുമാത്രം. "എനിക്കറിവാൻപാടില്ലാത്തതൊന്നുംതന്നെ, അച്ഛൻ പറഞ്ഞുതന്നില്ല

ല്ലോ'' എന്നായിരുന്നു അദ്ദേഹത്തിന്റെ ബാലഹൃദയത്തിൽ തോന്നിയതു്. ''പുതുമയില്ലാത്ത ജ്ഞാനംകൊണ്ടു് എന്താണു് വിശേഷം'', എന്നാണദ്ദേഹം ചിന്തിച്ചുപോയതു്.

ജ്ഞാനവിജ്ഞാനവിചക്ഷണനായ വേദവ്യാസന്നാകട്ടെ പുത്രന്റെ മനസ്സറിവാനും, പുത്രന്റെ ജ്ഞാനപ്രബോധനത്തിന്നായുള്ള വഴി പറഞ്ഞുകൊടുപ്പാനും ഒട്ടും പ്രയാസം ഉണ്ടായില്ല. താൻതന്നെ ഉപദേശിക്കുകയാണെങ്കിൽ ശുകൻ അതു ബഹുമാനിക്കുകയില്ലെന്നറിഞ്ഞു് അദ്ദേഹം പുത്രനെ തന്റെ ആത്മമിത്രവും, മഹാജ്ഞാനിയും, ഒരു മഹാരാജാവും ആയ ജനകന്റെ പക്കൽ പറഞ്ഞയയ്ക്കുവാൻ തീൎച്ചയാക്കിയെന്നുള്ളതിൽ അത്ഭുതമില്ലല്ലോ! ജനകനെ കാണുന്നതിൽ പുത്രനെ ജാഗരൂകനാക്കുവാൻവേണ്ടിയാണു് അദ്ദേഹം, തനിക്കു ബ്രഹ്മതത്വം നല്ലപോലെ അറിവില്ലെന്നും, വിദേഹരാജാവായ ജനകനു നല്ലപോലെ അറിവുണ്ടെന്നും, അദ്ദേഹത്തിന്റെ പക്കൽ പോയി ഉപദേശസ്വീകാരം ചെയ്യുകയാണെങ്കിൽ വേഗം ഒരു ജ്ഞാനിയായിത്തീരാമെന്നും ശുകനോടു പറഞ്ഞതു്.

പിത്രേത്യുക്തേ ശുകഃ പ്രായാത് സുമേരോർവസുധാതലേ
വിദേഹനഗരീം പ്രാപ ജനകേനാഭിപാലിതാം. 13
ആവേദിതോഽസൌ യാഷ്ടീകൈഃ ജനകായ മഹാത്മനേ
ദ്വാരി വ്യാസസുതോ രാജൻ ശുകോത്ര സ്ഥിതവാനിതി. 14

തന്റെ പിതാവായ വേദവ്യാസൻ ഇപ്രകാരം പറഞ്ഞയുടനെ ശുകൻ സുമേരുവിൽനിന്നു് ഇറങ്ങിവരികയും ജനകമഹാരാജാവു ഭരിച്ചുകൊണ്ടിരുന്ന വിദേഹം എന്ന നഗരത്തിലെത്തുകയും ചെയ്തു. രാജധാനിയുടെ ഗോപുരത്തിൽ എത്തിയശേഷം ദ്വാരപാലകന്മാർ ശുകനെ അവിടെ നിറുത്തിയിട്ടു് അദ്ദേഹം അവിടെ എത്തിയിട്ടുള്ള വിവരം ജനകമഹാരാജാവിനെ അറിയിക്കുകയും ചെയ്തു.

ജിജ്ഞാസാൎത്ഥം ശുകസ്യാസാവാസ്താമേവേത്യവജ്ഞയാ
ഉക്ത്വാ ബഭൂവ ജനകസ്തൂഷ്ണീം സപ്തദിനാന്യഥ. 15

തതഃ പ്രവേശയാമാസ ജനകഃ ശുകമങ്കണം
തത്രാഹാനി സ സപ്തൈവ തഥൈവാവസദുന്മനാഃ. 16

ജനകൻ ശുകന്റെ മനഃസ്ഥൈൎയ്യത്തേയും, ശ്രദ്ധയേയും, വിവേകത്തെയും പരീക്ഷിച്ചുനോക്കുവാനായി, ആ ദ്വാരപാലന്മാരോടു് ''ശുകൻ

അവിടെ ഇരിക്കട്ടെ" എന്നു് അശ്രദ്ധാവാനെന്നപോലെ പറഞ്ഞു. മാത്രമല്ല, ശുകൻ ഗോപുരദ്വാരത്തിൽ ഇരിക്കുന്നതിനെ അദ്ദേഹം ഏഴു ദിവസം തീരെ അവഗണിക്കുകയുംചെയ്തു. എട്ടാം ദിവസം, രാജാവു ശുകനെ രാജഗൃഹത്തിലേയ്ക്കു പ്രവേശിപ്പിച്ചു്, അവിടേയും ഒരേഴു ദിവസം തീരെ അവജ്ഞയോടേയെന്നപോലെ ഇരുത്തുകയും ഉണ്ടായി. ശുകൻ ജ്ഞാനം സമ്പാദിപ്പാനുള്ള ഉല്ക്കണ്ഠ കാരണം യാതൊരു കോപതാപങ്ങളും കൂടാതെ അവിടെ ക്ഷമയോടെ സ്ഥിരനായിരിക്കുകയും ചെയ്തു.

അഥ പ്രവേശയാമാസ ജനകോഽന്തഃപുരം ശുകം
രാജാ ന ദൃശ്യതേ താവദിതി സപ്ത ദിനാനി ച. 17
തത്രോന്മദാഭിഃ കാന്താഭിഃ ഭോജനൈർഭോഗസംചയൈഃ
ജനകോ ലാലയാമാസ ശുകം ശശിസമാനനം. 18

പിന്നീടു ജനകൻ ശുകനെ തന്റെ അന്തഃപുരത്തിലേയ്ക്കു പ്രവേശിപ്പിച്ചു. പക്ഷെ, ശുകനു തന്നെ കാണ്മാൻ ഉള്ള സന്ദർഭം കൊടുക്കാതെ അവിടെത്തന്നെ ഇരുത്തുകയാണു് ചെയ്തതു്. രാജാവിനെ കാണണമെങ്കിൽ ഏഴു ദിവസം രാജധാനിയിലെ സുഖഭോജനങ്ങളും, സുഖഭോഗങ്ങളും അവിടത്തെ ഉന്മദകളായ സ്ത്രീകളോടു ചേർന്നു് അനുഭവിക്കണമെന്നു ശുകനോടു നിർബ്ബന്ധിച്ചു. അനന്തരം സുഭഗനായ അദ്ദേഹത്തെ അവിടെയുള്ള അതിസുന്ദരികളായ തരുണീമണികൾ അടുത്തുചെന്നു് ഉപചരിക്കുവാൻ തുടങ്ങി.

ആദ്യത്തെ പതിനാലു ദിവസം ശുകന്റെ ക്ഷമയേയും, ശ്രദ്ധയേയും ആണു് രാജാവു പരീക്ഷിച്ചതു്. പോരാത്തതിനു് ആ ഋഷികുമാരന്റെ ഗ്രഹണപടുതയെ സൂക്ഷ്മമാക്കുവാനും, ഗ്രഹണസന്നദ്ധതയെ വദ്ധിപ്പിക്കുവാനും ആണു് അദ്ദേഹത്തെ ജനകൻ അത്തരം പരീക്ഷകൾക്കു വിധേയനാക്കിയതു്. ഋഷിസത്തമനായ വേദവ്യാസൻ ഉപദേശിച്ചതിൽ ബഹുമാനവും തൃപ്തിയും തോന്നാത്തതുകൊണ്ടാണു് ശുകൻ അവിടെ എത്തിച്ചേർന്നതെന്നു് ആരും മറന്നുപോകരുതു്. വ്യാസൻ പറഞ്ഞുകൊടുത്തതിൽ കവിഞ്ഞതായി യാതൊന്നുംതന്നെ ജനകനും ഉപദേശിക്കുവാൻ ഉണ്ടാകയില്ല. എന്നാൽ ഉപദേശിക്കുന്നതു് നമ്രശിരസ്കനായി ശുകൻ സ്വീകരിക്കുകയും അനുഷ്ഠിക്കുകയും വേണം. ആദരബുദ്ധിയോടും, സ്വീകരണമനഃസ്ഥിതിയോടും കൂടി ശുകൻ അതിനു തയ്യാറാവുകയും വേണം. ഒരു മാനസാന്തരം വരാതെ ഇതു സാദ്ധ്യമല്ലല്ലോ.

# ശ്രീശങ്കരൻ

**(സ്വാമി ആത്മാനന്ദ)**

ഇന്ത്യയിൽ ഇപ്പോഴ് മതത്തിന്നു് അല്പം പ്രാധാന്യം കുറഞ്ഞ കാലമാണു്. മനുഷ്യജീവിതത്തിൽ ആകമാനംതന്നെ മൌലികമായ ഒന്നാണു് മതം. മതം മനുഷ്യസംസ്കാരത്തിൻെറ മമ്മമാണെന്നുള്ളതിനാൽ അതു് ഏവക്കും അനപേക്ഷണീയമാണു്. അതു മനുഷ്യനിൽ എന്നും സ്ഥിതിചെയ്യാതെ തരമില്ല. ഇപ്രകാരം മനുഷ്യജീവിതത്തിൽ അത്യന്തം പ്രാധാന്യമഹിക്കുന്ന മതത്തിൻെറ പരമാചാര്യനാകുന്നു ശ്രീശങ്കരൻ.

ശ്രീശങ്കരൻ ക്രിസ്താബ്ദം എട്ടാം നൂററാണ്ടിൻെറ അവസാനത്തിൽ ജീവിച്ചിരുന്നു എന്നാണു് കരുതിപ്പോരുന്നതു്. 788 മുതൽ 820 വരെ.

---

മനസ്സിൻെറ പക്വതയ്ക്കും മാററത്തിന്നും വേണ്ടിയാണു് ജനകൻ രണ്ടാഴ്ച്ക്കാലം അദ്ദേഹത്തെ അവഗണിച്ച മാതിരി അഭിനയിച്ചതു്. അപക്വമതി ആയിരുന്നെങ്കിൽ ശുകൻ അപ്പോഴ്തന്നെ നീരസമാനസനായി അവിടം വിട്ടുപോയേനേ.

മൂന്നാംവാരത്തിലെ സ്ഥിതിഗതികളും പരീക്ഷണങ്ങളും ശുകനെ സംബന്ധിച്ചിടത്തോളം പൂവ്വപരീക്ഷണങ്ങളേക്കാഠ എത്രയും ഗുരുതരമായിരുന്നു. നാലു ഭാഗത്തും രുചിപ്രദമായ വിശേഷഭക്ഷണപദാത്ഥങ്ങഠ, സുഖഭോഗങ്ങഠ, ശൃംഗാരചേഷ്ടകളിൽ വിലാസവതികളായ ലലനകഠ—ഇവരുടെ മദ്ധ്യേയാണു് ശുകൻ ഇരിക്കുന്നതു്. ചഞ്ചലമായ മനസ്സിൽ സ്വല്പനേരത്തേയ്ക്കു വിഷയേച്ഛയോ, ഭോഗപ്രതിപത്തിയോ വന്നുപോയാൽ, വേദാന്തത്തിൻെറ അങ്കുരം അവിടെതന്നെ പൊട്ടിപ്പോകുന്നതായിരിക്കും.

പക്ഷേ, മഹാത്മനസ്സനായ ശുകനെ ഇതൊന്നും ബാധിച്ചില്ല. അദ്ദേഹം സമഭാവത്തിൽ ഉറച്ചു്, യാതൊരു ചാഞ്ചല്യവുംകൂടാതെ തന്നെയാണിരുന്നതു്.

(തുടരും)

അന്നുമുതൽ ഇന്നുവരെ നിലനിന്നുവരുന്ന അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന്നു കാരണമെന്താണ്? അദ്ദേഹം ഇന്ത്യക്കും ലോകത്തിന്നും ആകമാനം പ്രദാനം ചെയ്ത സംഭാവന എന്താണെന്നു മനസ്സിലാക്കുന്നതു നമ്മുടെ അദ്ധ്യാത്മജീവിതത്തിന്നുതന്നെ അത്യന്തം ഉപകാരപ്രദമായിരിക്കും. അദ്ദേഹം തത്വചിന്താരംഗത്തിന്നു പ്രദാനം ചെയ്ത അമൂല്യസേവനങ്ങൾ ഹിന്ദുമതത്തെ മാത്രമല്ല പരിശുദ്ധമാക്കുന്നതു്. എല്ലാമതങ്ങൾക്കും ഒരുപോലെ സ്വീകാര്യമാകുന്നതാണ് ആ തത്വങ്ങൾ. അവയുടെ വെളിച്ചത്തിലാണ് ഇന്ത്യയിലെ ഹിന്ദുമതം അന്നു പരിശുദ്ധമായതും ഊർജ്ജിതപ്പെട്ടതും. ആ തത്വങ്ങളെ നല്ലപോലെ അറിയുകയും ശ്രദ്ധയോടെ അനുഷ്ഠിക്കുകയും ചെയ്താൽത്തന്നെ മനുഷ്യന്നു നിത്യശാന്തിയും സമാധാനവും കൈവരുന്നതാണ്.

അദ്ധ്യാത്മചിന്തകനായിരുന്ന ശ്രീശങ്കരൻ തന്റെ മണ്ഡലത്തിലെ ഒരു മഹാവിപ്ലവകാരിയായിരുന്നു. അന്നു സാമ്പത്തികനില ഇത്രമാത്രം അസമത്വസമ്പൂർണ്ണമോ ജീവിതം വിഷമതയുള്ളതോ ആയിരുന്നില്ല. ജീവിതരീതി തുലോം ലളിതമായിരുന്നതിനാൽ ആവശ്യങ്ങളും പരിമിതങ്ങളായിരുന്നു. തന്മൂലം ധനപരമായ ചൂഷണവിഷയത്തിൽ പൊതുവെ ഇന്നത്തെപ്പോലെ രൂക്ഷതയുണ്ടായിരുന്നില്ല. എന്നാൽ അന്നു ജീവിതത്തിൽ ഏററവും വലിയ സ്ഥാനം കല്പിച്ചുവന്ന മതത്തിൽ പ്രകടമായ ചൂഷണമുണ്ടായിരുന്നു. അതു് അന്ധകാരനിബിഡമായിരുന്നു. ഏകച്ഛത്രാധിപതിയായ ഈശ്വരനായിരുന്നു അന്നത്തെ മതസാമ്രാജ്യത്തിലെ പരമാധികാരി. അദ്ദേഹവും അനേകം ദേവന്മാരായ ഇടപ്രഭുക്കന്മാരും എല്ലാം ഒന്നു ചേർന്നു സ്വേച്ഛാധികാരം നടത്തി വാണിരുന്ന കാലമായിരുന്നു ശങ്കരന്റെ കാലം. ഇന്ത്യയിൽ ബഹുഭൂരിപക്ഷം ജനങ്ങളും മാനസികമായി ഈ ഈശ്വരനും ദേവന്മാൎക്കും അടിമകളും അവരുടെ പ്രബലതയിൽ ഭയവിഹ്വലരുമായിരുന്നു. മീമാംസകരുടെ പിടിയിൽപ്പെട്ട മഹത്തായ വേദം തന്നേയും ഈ ദുഃസ്ഥിതിയെ ബലപ്പെടുത്തുവാനുള്ള ഒരു വലിയ ഉപകരണംമാത്രം ആക്കപ്പെട്ടിരുന്നു. ഹിന്ദുക്കളെ അവരുടെ ഏററവും ആപത്കരമായിരുന്ന ഈ മാനസിക ഭീതിയിൽനിന്നും അടിമത്വത്തിൽനിന്നും മോചിപ്പിച്ചതാണ് ശ്രീശങ്കരൻ ചെയ്ത ഏററവും മഹത്തായ കൃത്യം. അദ്ദേഹം വേദത്തിലെ അപ്രമാണമാക്കപ്പെട്ടിരുന്ന ഉപനിഷത്തുക്കളേയും ഗീതയേയും മറവിൽനിന്നും വീണ്ടെടുത്തു. മനുഷ്യന്റെ അമൂല്യമായ സ്വത്തു് അവന്റെ അ

ഭയതയും (നിർഭയതയും) സ്വാതന്ത്ര്യവും ആണ് എന്നദ്ദേഹം ലോകത്തെ മനസ്സിലാക്കി. ഈശ്വരൻ സ്വേച്ഛാധിപതിയായ ഒരു സാമ്രാട്ട് അല്ലെന്നും, അന്ധവിശ്വാസംകൊണ്ടല്ലെങ്കിൽ ദേവന്മാർക്ക് ഒരിടത്തും ഒരു സ്ഥാനവുമില്ലെന്നും, വേദപ്രമാണം ഉദ്ധരിച്ചുതന്നെ സമർത്ഥിക്കയുണ്ടായി. മാത്രമല്ല ഓരോ മനുഷ്യനും അവനിൽതന്നെ നിക്ഷിപ്തവും അമൂല്യവുമായ ആത്മീയ ഐശ്വര്യത്തെ പൊക്കിപ്പിടിച്ചു കാണിച്ചുകൊടുത്തു. മനുഷ്യൻ തന്നിലുള്ള ഐശ്വര്യത്തേയും മഹത്വത്തേയും അറിയാതെയാണ് ഈശ്വരൻ, നാനാദേവന്മാർ, നവഗ്രഹങ്ങൾ എന്നിവയുടെ എല്ലാം മുമ്പിൽ ആർത്തനായി പാടു കിടക്കുന്നത്. ഈ മാതിരി മനുഷ്യന്റെ മനസ്സിനെ ബലമായി അലട്ടിക്കൊണ്ടിരുന്ന അന്ധവിശ്വാസങ്ങളിൽനിന്ന് അന്നത്തെ ജനതയെ ശ്രീശങ്കരൻ മോചിപ്പിച്ചു. മാത്രമല്ല, പിന്നീട് ഈ മോചനപ്രവൃത്തി ശൃംഗേരി, പുരി, ദ്വാരക, ജ്യോതിർമഠം എന്നീ നാടിന്റെ നാലതിർത്തികളിലും പ്രബുദ്ധരായ തന്റെ ശിഷ്യന്മാരുടെ നേതൃത്വത്തിൽ തുടർന്നു പോകാനായി നാലു മഠങ്ങളും ഏർപ്പാടു ചെയ്തു. ആദിശങ്കരനോടുള്ള ബഹുമാനസൂചകമായി ഈ മഠങ്ങളിലെ അതതു കാലത്തെ ആചാര്യന്മാരെ തുടർച്ചയായി ശങ്കരാചാര്യന്മാർ എന്ന അഭിധാനത്താലാണ് അറിയപ്പെട്ടു വരുന്നത്.

ശ്രീശങ്കരന്റെ പേരുതന്നെ നമ്മുടെ മനസ്സിൽ ചില മഹത്തത്വങ്ങളുടെ സ്മരണയേയാണ് ഉല്പാദിപ്പിക്കുന്നത്. രാഷ്ട്രീയമായി ഓരോ വ്യക്തിക്കും ചില വ്യക്തിഗതമായ പരമാധികാരം ഉണ്ടെന്നുള്ള തത്വം പ്രബലമായതുപോലെ, ആദ്ധ്യാത്മികതലങ്ങളിലും ഓരോ വ്യക്തിക്കും അവനവന്റേതായ വ്യക്തിത്വവും ഐശ്വര്യമായ പൂർണ്ണമഹിമയും നിക്ഷിപ്തമാണ് എന്ന പരമാർത്ഥം ലോകത്തിന് ഉപനിഷത് തത്വങ്ങളിലൂടെ ബോദ്ധ്യപ്പെടുത്തി. ശ്രീശങ്കരൻ ചെയ്ത ഉൽകൃഷ്ടകൃത്യം ഇതാണ്. ഇതൊരു വിപ്ലവാശയവും പ്രവൃത്തിയുമല്ലേ?

''ശൃണ്വന്തു സർവ്വേ അമൃതസ്യ പുത്രാഃ'' എന്നാണ് വേദവാക്യം. മനുഷ്യരെല്ലാവരും അമൃതപുത്രന്മാരാകുന്നു, അതായത് അമൃതന്മാർ. വാസ്തവത്തിൽ നമ്മേ സദാ പേടിപ്പിക്കുന്നതും പ്രത്യക്ഷമായി കണ്ടുകൊണ്ട് ഇരിക്കുന്നതുമായ മരണമല്ല മനുഷ്യന്റെ യഥാർത്ഥസ്ഥിതി. നേരെമറിച്ച് അവനിൽ സ്ഥിതിചെയ്യുന്ന, മരണമില്ലാത്തതും, സച്ചിദാനന്ദരൂപവുമായ ആത്മാവാണ്. ഇതിനെയാണ് ശ്രീശങ്കരൻ സുവ്യക്ത

മാക്കിയതു്. ഈശ്വരനുണ്ടോ ഇല്ലയോ എന്നു സംശയിച്ചാലും തെററില്ല, തന്നിൽ സച്ചിദാനന്ദരൂപമായ "ഒന്നു"ണ്ടെന്നു് ഒട്ടും സംശയിക്കുവാൻ ഇടയില്ല എന്നു സവ്വരും മനസ്സിലാക്കണം എന്നായിരുന്നു ശ്രീശങ്കരപ്രഖ്യാപനം. അദ്ദേഹം ഉപനിഷദാദികളായ ഹിന്തുക്കളുടെ അമൂല്യഗ്രന്ഥങ്ങളിൽ പല ഭാഗങ്ങളിലും കാണുന്ന "തത്വമസി" എന്നും മററുമുള്ള വാക്യങ്ങളെ സയുക്തികം ആവത്തിക്കുക മാത്രമായിരുന്നു ഇതിനാൽ ചെയ്തതു്. വേദത്തിനു രണ്ടു വിഭാഗമുണ്ടെന്നും, അതിലെ മുഖ്യഭാഗം അക്കാലങ്ങളിൽ ധരിച്ചുവെച്ചിരുന്നപോലെ കമ്മകാണ്ഡമല്ലെന്നും ഉപനിഷത്തുകൾ ആണെന്നും, യുക്തിയുക്തം സ്ഥാപിച്ചു. വേദത്തിൽ സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്തു് എന്ന നാലു ഭാഗങ്ങൾ ഉള്ളതിൽ അക്കാലത്തു വളരെ പ്രാബല്യത്തിൽ പഠിക്കപ്പെട്ടതും, അനുഷ്ഠിച്ചുപോന്നിരുന്നതും സംഹിതയും ബ്രാഹ്മണവുമായിരുന്നു. അതിനെ ക്രമീകരിച്ച ശാസ്ത്രമായിരുന്നു പൂവ്വമീമാംസ. ഇതിൻെറ പഠനമാണു് ജനങ്ങളെ ദേവന്മാക്കു് അടിമയാക്കിത്തീത്തിരുന്നതു്. യജ്ഞങ്ങൾ, അതായതു പലേ യാഗങ്ങളാണു് ഹിന്ദുക്കളുടെ മഹനീയവും ശ്രേഷ്ഠവുമായ കമ്മങ്ങൾ എന്നും, ഉപനിഷത്തുക്കൾക്കു സാരമായ യാതൊരു അത്ഥവുമില്ലെന്നുമായിരുന്നു, ഇവയ്ക്കു പ്രാധാന്യം കല്പിച്ചവരുടെ വാദം.

എന്നാൽ ശ്രീശങ്കരൻ സ്പഷ്ടമായെടുത്തു കാട്ടിയതു ദേവയജ്ഞങ്ങൾകൊണ്ടു കിട്ടുന്ന ഫലം തുച്ഛവും അശാശ്വതവും ആണെന്നും, അത്ര മാത്രം പ്രയത്നംകൊണ്ടും വേദാന്തസാധനകൊണ്ടും മഹത്തായ അമരത്വവും സച്ചിദാനന്ദവും ലഭിക്കാമെന്നുമായിരുന്നു. ഈ വിഷയം വേണ്ടതുപോലെ അക്കാലത്തെ വിദ്വാന്മാരും, പുരോഹിതന്മരും മനസ്സിലാക്കിയിരുന്നില്ല. അവരുടെ ഗണനയിൽ ഉപനിഷത്തുകൾ കേവലം അത്ഥവാദങ്ങൾ (സ്തുതിപരമായ വാക്യങ്ങൾ) മാത്രമായിരുന്നു. അങ്ങിനെയാണു് അക്കാലത്തു ബഹുലമായി പഠിപ്പിക്കപ്പെട്ടു വന്നിരുന്ന പൂവ്വമീമാംസാശാസ്ത്രം അവരെ ധരിപ്പിച്ചിരുന്നതു്.

ശ്രീശങ്കരൻ പൂവ്വമീമാംസാശാസ്ത്രത്തിൻെറ ഗ്രാഹ്യഭാഗങ്ങളെ സ്വീകരിക്കുകയും ത്യാജ്യഭാഗങ്ങളെ ബലമായി ഖണ്ഡിക്കുകയും ചെയ്തു. വേദവിഹിതമായ നിത്യകമ്മങ്ങളുടെ ലോപം കൂടാതെയുള്ള അനുഷ്ഠാനംകൊണ്ടുമാത്രം പുരുഷാത്ഥലാഭം ഉണ്ടാകുമെന്നും, ജ്ഞാനം—ഉപനി

ഷത്പ്രതിപാദിതമായ ആത്മസാക്ഷാത്കാരം — അവരുടെ ഗണന യിൽ വരേണ്ടതില്ലെന്നുള്ളതുമായിരുന്നു അതിൽ ത്യാജ്യമായ ഭാഗം.

ശ്രീശങ്കരന്റെ സിദ്ധാന്തം, ശ്രദ്ധാപൂർവ്വമായ അഗ്നിഹോത്രം മുത ലായ നിത്യകർമ്മാനുഷ്ഠാനംകൊണ്ടു ഭോഗായതനമായ സ്വർഗ്ഗംമാത്രമേ കൈവരൂ, അല്ലാതെ കൈവല്യമുണ്ടാവുന്നതല്ല എന്നാണ്. ആത്മ ജ്ഞാനംകൊണ്ടുമാത്രമേ കൈവല്യം ഉളവാകൂ, മനക്കരുത്തുള്ളവക്ക് വേ ദാന്തധ്യാനത്തിൽ നേരിട്ടു കുതിച്ചു പ്രവേശിക്കാം, എന്നായിരുന്നു ഉപ നിഷത്പ്രതിപാദിതമായ അദ്ദേഹത്തിന്റെ സന്ദേശം. "ധർമ്മജിജ്ഞാ സായാഃ പ്രാഗപി അധീതവേദാന്തസ്യ ബ്രഹ്മജിജ്ഞാസോപപത്തേഃ" — സൂത്രഭാഷ്യം (1-1-1). (വേദാന്തകർമ്മങ്ങളെപ്പററി അറിയുന്നതിനു മുമ്പായിത്തന്നെ വേദാന്തം പഠിച്ചവക്ക് ബ്രഹ്മത്തെ അറിയുവാൻ പ്രവർത്തിക്കാം.)

അദ്ദേഹത്തിന്റെ രണ്ടാമത്തെ സിദ്ധാന്തം മനുഷ്യസമുദായത്തിന്നു അത്യന്താപേക്ഷിതമായതു് ശമദമാദികളായ ആത്മഗുണങ്ങളാണെന്നും, അല്ലാതെ അഗ്നിഹോത്രം മുതലായ നിത്യകർമ്മങ്ങളുടെ അനുഷ്ഠാനമല്ലെ ന്നും ആണ്. ഈ നിത്യകർമ്മങ്ങൾ വേദനിർദ്ദിഷ്ടങ്ങളായാലും അവയെ അവയുടെ തുച്ഛഫലമാവശ്യമില്ലാത്തവക്ക് ഭയരഹിതമായി ഉപേക്ഷി ക്കാം. കാരണം, വേദം ഒന്നുംതന്നെ ആജ്ഞാപിക്കുന്നില്ല. വേദം ഗൂഢ മായ ആത്മീയതത്വങ്ങളെ വെളിവാക്കുകമാത്രമാണ് ചെയ്യുന്നതു് (ജ്ഞാപകം ഹി ശാസ്ത്രം ന തു കാരകം). ഈ തത്വങ്ങളെ മുഴക്കുകതന്നെ യായിരുന്നു ശ്രീശങ്കരൻ വഹിച്ച മഹത്കൃത്യം.

പൂർവ്വമീമാംസാശാസ്ത്രത്തിന്റെ പരമാചാര്യനായ ശ്രീ മണ്ഡന മിശ്രനും ശങ്കരനുമായി നടന്ന വാദപ്രതിവാദം മേൽപറഞ്ഞ പ്രധാന വിഷയത്തിന്റെ സ്പഷ്ടമായ ഒരു ദൃഷ്ടാന്തമാണ്. സന്ന്യാസം സ്വീക രിക്കയാൽ നിത്യകർമ്മങ്ങൾക്ക ലോപംവരുത്തിയ ശങ്കരനെ കാണുന്നതു തന്നെ പാപമായാണ് ആ പണ്ഡിതൻ കരുതിയിരുന്നതു്. എന്നാൽ അവർ തമ്മിലുള്ള തക്കത്തിന്റെ അവസാനത്തിൽ പരമാത്മതത്വം മന സ്സിലാക്കിയ മണ്ഡനമിശ്രൻ, സ്വയം നിത്യകർമ്മങ്ങളെ പരിത്യജിക്കു കയും ജ്ഞാനമാർഗ്ഗാവലംബിയായി ശ്രീശങ്കരന്റെ ശിഷ്യത്വം സ്വീക രിച്ച് സുരേശ്വരാചാര്യരെന്ന പേരിൽ സന്ന്യസിക്കുകയും ചെയ്തു എ ന്നതു് എത്രയും ശ്രദ്ധേയമാണ്.

# അമരവാണി*

1. ദേഹാദികളായ വസ്തുക്കളാണു് താൻ എന്നു തെററിദ്ധരിക്കുന്ന മനുഷ്യൻ, അതിൽനിന്നുളവാകുന്ന രാഗദ്വേഷാദികളാൽ പ്രേരിതനായി ധർമ്മപരവും അധർമ്മപരവും ആയ കർമ്മങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നു.

*    *    *    *    *

2. കാര്യകാരണവ്യതിരിക്തനാണു് ആത്മാവു് എന്ന ബോധം വന്നുകഴിഞ്ഞവനു്, ശാസ്ത്രനിശ്ചിതങ്ങളായ വിധികളും പ്രതിഷേധങ്ങളും ബാധകങ്ങളാകുന്നില്ല.

*    *    *    *    *

3. ഭൗതികജീവിതമാകുന്ന വൃക്ഷത്തിന്റെ വിത്തു് കർമ്മമാണു്. അതു വളരാനുള്ള തറ അജ്ഞാനവും. ഈ മരം സമൂലം പിഴുതു കളയേണ്ടതാണു്. അതു പിഴുതു നശിപ്പിക്കുന്നതിലാണു് പ്രാപ്യസ്ഥാനത്തെത്താനുള്ള മനുഷ്യന്റെ കഴിവുകൾ സ്ഥിതിചെയ്യുന്നതു്.

*    *    *    *    *

4. അവിദ്യാനിവൃത്തിയിൽ പ്രകാശിക്കുന്ന ജ്ഞാനോദയത്തോടുകൂടി, അജ്ഞാനസന്തതികളായ ലോകവ്യവഹാരങ്ങളും മതാനുഷ്ഠാനങ്ങളും സ്വയം നശിക്കുന്നു.

*    *    *    *    *

5. മോക്ഷം ലഭിക്കുന്നതു കർമ്മഫലമായിട്ടല്ലാത്തതിനാൽ, മുമുക്ഷു കർമ്മബദ്ധനല്ലതന്നെ.

*    *    *    *    *

6. അവിദ്യാപൂർവ്വകങ്ങളായ ശുഭാശുഭകർമ്മങ്ങളുടെ ക്ഷയകാരണം വിദ്യ ഒന്നുമാത്രമാണു്. നിത്യകർമ്മാനുഷ്ഠാനങ്ങളെക്കൊണ്ടു് ഇതു സാദ്ധ്യമാകയില്ല.

---

* ശങ്കരഭാഷ്യങ്ങളിൽനിന്നു്.

# ആത്മജ്ഞാനോപദേശവിധി

## (സ്വാമി ഹരിഹരാനന്ദസരസ്വതി)

## IV

[തുടർച്ച]

ജിജ്ഞാസുക്കൾക്ക 'നിത്യശുദ്ധബുദ്ധമുക്തസത്യസ്വരൂപമായ' പരബ്രഹ്മതത്വത്തെ ലളിതമായ രീതിയിൽ മനസ്സിലാക്കിക്കൊടുപ്പാനാണ് ശ്രീശങ്കരഭഗവത്പാദർ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതെന്നു പ്രാരംഭത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. "കാണപ്പെട്ടതിൽനിന്നും കാണപ്പെടാത്തതിലേയ്ക്കു്", "ലഘുതത്വാവബോധത്തിൽനിന്നും ഗഹനതത്വാവബോധത്തിലേയ്ക്കു്", "സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേയ്ക്കു്" എന്നീ പ്രസിദ്ധങ്ങളായ വിദ്യഭ്യാസധുരന്ധരന്മാരുടെ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് ആചാര്യർ ഈ ഗ്രന്ഥത്തിൽ തത്വപ്രതിപാദനം സാധിച്ചിട്ടുള്ളതു്. ആദ്യമായി, കാണപ്പെടുന്നതും ഏററവും സ്ഥൂലവുമായ ശരീരത്തെ എടുത്തു് ഇതു് ആത്മാവാകുന്നതല്ല എന്നു യുക്തിയുക്തം സ്ഥാപിച്ചു. അടുത്തതായി, ഇന്ദ്രിയങ്ങളാണ് ആത്മാവു് എന്നു വാദിക്കുന്ന ചില ചാർവ്വാകന്മാരുടെ മതത്തെ ഖണ്ഡിച്ചു് ഇന്ദ്രിയങ്ങളും ആത്മാവാകുവാൻ തരമില്ല എന്നു സ്ഥാപിച്ചു. ഇനി അടുത്തതായി, ഇന്ദ്രിയങ്ങളേക്കാളും സൂക്ഷ്മതരങ്ങളായ മനസ്സു്, ബുദ്ധി മുതലായ തത്വങ്ങളെയാണ് വിശകലനം ചെയ്യുന്നതു്. ഇവിടേയെല്ലാം ശ്രീഭഗവത്പാദർ ശ്രുതിപ്രസിദ്ധമായ "നേതി നേതി" (ഇതല്ല ആത്മാവു്, ഇതല്ല ആത്മാവു്) എന്ന അനാത്മതത്വങ്ങളുടെ നിരാസം പൂർത്തിയാക്കി. പിന്നീടു് ആത്മതത്വത്തെ ശിഷ്യരിൽ ദൃഢമായി ബോധിപ്പിച്ചുറപ്പിക്കുന്ന 'അനാത്മനിരാസപ്രക്രിയ'യാണ് സ്വീകരിച്ചിട്ടുള്ളതു്. തൻെറ സ്വതസ്സിദ്ധമായ ലളിതഗംഭീരശൈലിയും അത്യഗാധമായ പ്രതിഭയും സുവ്യക്തമാക്കിക്കൊണ്ടും സാധാരണ സുപരിചിതമായ നിത്യവസ്തുക്കളെ ഉദാഹരണങ്ങളായി സ്വീകരിച്ചുകൊണ്ടുമാണ് തത്വപ്രബോധനാഭിമുഖമായി മുന്നേറുന്നതു്.

പൂർവ്വാപരപരാമർശം കൂടാതെ ശ്രുതിയുടെ ഏതെങ്കിലും ഒരു ഖണ്ഡത്തിൽനിന്നും ഒരു വാക്യം ഉദ്ധരിച്ചു് സ്വമതം സ്ഥാപിക്കുവാൻ

ശ്രമിക്കുന്നതു് എത്രയും ബുദ്ധിഹീനതമാത്രമാണു്. ദേഹാത്മവാദം സ്ഥാപിച്ചുകിട്ടുവാൻ ലോകായതികന്മാർ തൈത്തരീയഉപനിഷത്തിൽ നിന്നും, "സ വാ ഏഷ പുരുഷോഽന്നരസമയഃ" (ഈ പുരുഷൻ—ആത്മാവു്—തീർച്ചയായും അന്നരസംകൊണ്ടു നിറഞ്ഞവനാണു്) എന്ന ഭാഗം അവരുടെ സിദ്ധാന്തസ്ഥാപനത്തിനു് എത്രകണ്ടു സംഗതമായിരിക്കുന്നുവെന്നു് ആലോചിക്കാം. തൈത്തരീയഉപനിഷത്തിൽ പഞ്ചകോശങ്ങളെ നിരൂപിച്ചു് അവയെല്ലാം അനാത്മാവാണെന്നും സ്വയംജ്യോതിസ്വരൂപനും, സാക്ഷീചൈതന്യവുമായ ആത്മതത്വം അവയിൽ നിന്നെല്ലാം ഭിന്നമാണെന്നും ഉൽബോധിപ്പിക്കലാണു് ഈ വിഭാഗം കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ആ ഖണ്ഡം സമഗ്രമായി ഗ്രഹിച്ചു് അതിലെ തത്വം മനസ്സിലാക്കണമെങ്കിൽ പൂർവ്വാപരപരാമർശമുണ്ടെങ്കിലേ സാദ്ധ്യമാകൂ. അടുത്തതായിത്തന്നെ ആത്മതത്വനിരൂപണവും ആത്മലാഭത്തിനുള്ള പ്രായോഗികമാർഗ്ഗങ്ങളും അതിൽ വിവരിച്ചിട്ടുണ്ടു്. ഇങ്ങിനെ ഒരു സ്വീകൃതപദ്ധതിയനുസരിച്ചു് അനുക്രമമായി ശിഷ്യന്റെ ജ്ഞാനപ്രാപ്തിയെ ഉദ്ദേശിച്ച് പടിപ്പടിയായി സംശയലേശമെന്യേ പരമാത്മതത്വത്തെ ഗ്രഹിപ്പിക്കുവാൻ രചിച്ചിട്ടുള്ള ഗ്രന്ഥത്തിൽനിന്നും ഏതെങ്കിലും ഒരു ഭാഗം അടർത്തിയെടുത്തു സ്വമതസ്ഥാപനം നടത്തുവാൻ ശ്രമിക്കുന്നതു് എത്രയും അപ്രായോഗികമാണെന്നു് ഇതിൽനിന്നും തെളിയുന്നുണ്ടല്ലോ. പഞ്ചകോശനിരൂപണവിഭാഗത്തിൽനിന്നും തങ്ങൾക്കാവശ്യമുള്ള അന്നമയകോശനിരൂപണത്തെമാത്രമെടുത്തു്, "ശരീരം ആത്മാവാണു്" എന്ന വാദത്തിനു് പ്രമാണമാക്കുന്നതു മൂഢതയുടെ ഒരു സ്വൈരവിജൃംഭണം മാത്രമാണു്.

അടുത്തതായി ഇന്ദ്രിയങ്ങളാണു് ആത്മാവു് എന്നു സ്ഥാപിക്കുവാനായി ഇതരചാർവ്വാകന്മാർ ഛാന്ദോഗ്യോപനിഷത്തിൽനിന്നും "തേ ഹ പ്രാണാഃ പ്രജാപതിം പിതരമേത്യോചുഃ" (ജ്ഞാനേന്ദ്രിയങ്ങൾ പിതാവായ പ്രജാപതിയെ പ്രാപിച്ചു പറഞ്ഞു) എന്നു തുടങ്ങിയ മന്ത്രവിഭാഗവും തീരെ പ്രകൃതത്തിന്നു് അനനുയോജ്യമാണു്. ശരീരം മരണത്തോടുകൂടി വിലയംപ്രാപിക്കുന്നതുകൊണ്ടു് അതു നശ്വരമാണെന്നറിഞ്ഞു സൂക്ഷ്മരൂപത്തിലുള്ള ഇന്ദ്രിയങ്ങളാണു് ആത്മാവു്; അവ നശ്വരങ്ങളല്ല. എന്ന വാദം അവർ ഉന്നയിക്കുന്നു. എന്നാൽ ഉപനിഷത്തിലെ ഈ വിഭാഗം മുഖ്യപ്രാണന്റെ ഉൽകൃഷ്ടതയെ കാണിക്കുവാൻവേണ്ടിമാത്രം ആരബ്ധമായിട്ടുള്ളതാണു്. ഇന്ദ്രിയങ്ങൾ ജഡങ്ങളാണെന്നും അവയിൽ

ചിലവയുടെ എത്ര കാലത്തേയ്ക്കും നീണ്ടുനില്ക്കുന്ന അഭാവംകൊണ്ടുംകൂടി ജീവനു യാതൊരു തരക്കേടും ഉണ്ടാകയില്ലെന്നും മുഖ്യപ്രാണനാണ് ഇവയ്ക്കു ചൈതന്യം നല്കുന്നതെന്നുമാണ് അവിടെ ഒരു ആഖ്യായികാരൂപത്തിൽ വിവരിച്ചിട്ടുള്ളത്. അല്ലാതെ ഇന്ദ്രിയങ്ങൾ ചൈതന്യസ്വരൂപികളും നിത്യങ്ങളുമാണെന്നല്ല. ആ ഖണ്ഡിക മുഴുവനും സ്പഷ്ടമായി ഗ്രഹിച്ച് പൂർവ്വാപരബന്ധം മനസ്സിലാക്കാതെ സ്വമതസ്ഥാപനം സാധിക്കുവാനുള്ള ധൃതിയിൽ എടുത്തുദ്ധരിച്ച ഭാഗം മാത്രമാണത്. അതിനാൽ പൂർവ്വാപരബന്ധത്തോടുകൂടി ക്രമമായി ആത്മസ്വരൂപനിർണ്ണയത്തിലേയ്ക്കു വഴി തെളിയിച്ചുകൊണ്ട് ഉൽഗമിക്കുന്ന ശ്രുതിഭാഗങ്ങളിൽനിന്നും ഏതെങ്കിലും ഒരംശം എടുത്ത് ഒരു പ്രത്യേകസിദ്ധാന്തസ്ഥാപനത്തിന്നു പ്രമാണമായി ചിത്രീകരിക്കുന്നതു തീരെ അസംഗതവും അപ്രായോഗികവും ആണെന്നുള്ളതിന്നു സംശയമില്ല.

ദേഹാത്മവാദത്തേയും ഇന്ദ്രിയാത്മവാദത്തേയും നിരാകരിച്ചശേഷം അടുത്തതായി മനസ്സാണ് ആത്മാവ് എന്നു വാദിക്കുന്നവരേയും ബുദ്ധിയാണ് ആത്മാവ് എന്നു വാദിക്കുന്നവരേയും യുക്തിയുക്തം നിരാകരിക്കുന്നു.

മനോഽപ്യാത്മാ ന ഭവതി ദൃശ്യത്വാത് കരണത്വാച്ച പ്രദീപവത്॥ 1—10.

ദൃശ്യത്വാത്=ഒരു ദൃശ്യവസ്തുവാകകൊണ്ടും, പ്രദീപവത്=ഒരു വിളക്കെന്നപോലെ, കരണത്വാത് ച = ഒരു ഉപകരണം മാത്രമാകകൊണ്ടും, മനഃ അപി=മനസ്സും കൂടി, ആത്മാ=ആത്മാവ്, ന ഭവതി=ആകുന്നതല്ല.

മനസ്സ് സങ്കല്പവികല്പാത്മകമാകുന്നു. (സങ്കല്പവികല്പാത്മകം മനഃ) ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് വല്ല നിശ്ചയവും ചെയ്യേണ്ടിവരുമ്പോൾ ചില പ്രായോഗികമായ വശങ്ങളെപ്പററി പരാമർശിക്കുകയും (സങ്കല്പം) അതിനെക്കുറിച്ചുള്ള ചില അപ്രായോഗികവശങ്ങളെപ്പററി ചിന്തിക്കുകയും (വികല്പം) ചെയ്യുന്നതാകുന്നു മനസ്സിന്റെ പ്രവൃത്തി. അന്തർയാമിയും, ഗുഹാശയനും, നിത്യസാക്ഷിയും, ചൈതന്യസ്വരൂപനുമായ പ്രത്യഗാത്മാവിനെ സംബന്ധിച്ചേടത്തോളം മനസ്സ് ബാഹ്യവും ഒരു ദൃശ്യവസ്തുവുമാണ്. ദൃശ്യവസ്തുക്കൾ ദ്രഷ്ടാവായ ആത്മാവിൽനിന്നും തീരെ ഭിന്നങ്ങളാകുന്നു. അതുകൊണ്ടു ദ്രഷ്ടാവായ ആത്മാവിൽ

നിന്നും ദൃശ്യവസ്തുവായ മനസ്സും ഭിന്നമാകുന്നു. അതു് ആത്മാവാകുവാൻ തരമില്ല. എന്നു മിത്രമല്ല, ഏതുപ്രകാരം ഒരു ദീപം വസ്തുക്കളെ വെളിച്ചത്തിൽ കൊണ്ടുവരുവാനുതകുന്ന ഒരു ഉപകരണം മാത്രമാകുന്നുവോ അതേപോലെ മനസ്സും, കൂടസ്ഥനിത്യനും എന്നാൽ അജ്ഞാനത്താൽ കർത്തൃത്വഭോക്തൃത്വ അഭിമാനിയുമായ ആത്മാവിന്നു ബാഹ്യവിഷയങ്ങളെ ദൃഷ്ടിപഥത്തിൽ കൊണ്ടുവരുന്ന ഒരു ഉപകരണം മാത്രമാണ്. ഉപകരണമായി ഉപയോഗിക്കുന്ന ഏതൊരു വസ്തുവും ആത്മസ്വരൂപത്തിൽ നിന്നും നിശ്ശേഷം ഭിന്നവും, അനാത്മാവും ആയിരിക്കുന്നതുപോലെ മനസ്സും ആത്മാവിന്റെ ഒരു പ്രത്യേക ഉപകരണവും അനാത്മാവും ആണെന്നു സിദ്ധിക്കുന്നു.

മനസ്സിനെ ആത്മാവായി ഉപാസിക്കുന്ന ഇതരചാർവ്വാകന്മാർ അവരുടെ മതം (സിദ്ധാന്തം) സ്ഥാപിക്കുന്നതു് ഇപ്രകാരമാണ്. മനസ്സാണ് എല്ലാം അനുഭവിക്കുന്നതു്, സുഖവും ദുഃഖവും. അതു ചേതനവുമാണ്. അല്ലാതെ സുഖദുഃഖാനുഭവങ്ങളും ചേതനത്വവും ശരീരത്തിന്നോ ഇന്ദ്രിയങ്ങൾക്കോ ഇല്ല. അതു മാത്രമല്ല സുഷുപ്തിയിൽ മനസ്സു ലയം പ്രാപിക്കുമ്പോൾ സങ്കല്പവികല്പാത്മകങ്ങളായ ഭാവനകളോ സുഖദുഃഖാനുഭവങ്ങളോ ഇല്ല. അതുകൊണ്ടു ചൈതന്യസ്വരൂപനും കർത്തൃത്വഭോക്തൃത്വാഭിമാനിയും, സുഖദുഃഖങ്ങൾ സാക്ഷാൽ അനുഭവിക്കുന്നതുമായ മനസ്സാണ് ആത്മാവു്. മനസ്സു വിലയം പ്രാപിച്ചാൽ ശരീരത്തിൽ ചൈതന്യം തന്നെ ഇല്ലാതാകുന്നതും കാണുന്നുണ്ടു്. ഇതിൽനിന്നെല്ലാം മനസ്സാണ് ആത്മാവു് എന്ന സിദ്ധാന്തം സുസ്ഥാപിതമാകുന്നുണ്ടു് എന്നാണവർ വാദിക്കുന്നതു്. ഇതിന്നു പ്രമാണമായി അവർ തൈത്തിരീയ ഉപനിഷത്തിലെ "അന്യോഽന്തര ആത്മാ മനോമയഃ" (ശരീരത്തിൽനിന്നും ഇന്ദ്രിയങ്ങളിൽനിന്നും, ഭിന്നനും ശരീരഇന്ദ്രിയങ്ങളെ അപേക്ഷിച്ചു കൂടുതൽ അന്തർഭാഗത്തു സ്ഥിതിചെയ്യുന്നവനുമായ മനോമയസ്വരൂപനാണ് ആത്മാവു്) എന്ന മന്ത്രം ഉദ്ധരിക്കുന്നു. കൂടാതെ "മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ" (മനുഷ്യക്കു ബന്ധനത്തിന്നും മോക്ഷത്തിന്നും മുഖ്യഹേതു മനസ്സു തന്നെയാണ്) എന്നിങ്ങനെയുള്ള ശ്രുതിവാക്യങ്ങളും ഉപന്യസിക്കുന്നു.

ഇവിടെയും പ്രകരണവിഭാഗത്തിലെ പൂർവ്വാപരബന്ധത്തെ പരാമർശിക്കാതെയാണ് ഈ വാദമുഖങ്ങൾ ഉന്നയിച്ചിട്ടുള്ളതെന്നു കാണാം. തൈത്തിരീയ ഉപനിഷത്തിലെ അനാത്മാക്കളായ പഞ്ചകോശങ്ങളെ

നിരൂപിച്ച് അവയിൽനിന്നും ഭിന്നനും നിത്യശുദ്ധബുദ്ധമുക്തസത്യസ്വരൂപനുമായ ആത്മാവിനെപ്പററിയുള്ള ബോധം ദൃഢപ്പെടുത്തുവാനായി ആരംഭിച്ച മന്ത്രഖണ്ഡത്തിലെ നടുവിലത്തെ ഒരു ചെറുമന്ത്രം മാത്രമാണ് ആദ്യത്തേതു്. രണ്ടാം ഖണ്ഡികയിൽ വിസ്തരിച്ച് വ്യക്തമാക്കിയതുപോലെ ഇതിനെ ഒരു പ്രമാണമായി സ്വീകരിക്കുവാൻ നമുക്കു സാധിക്കുന്നതല്ല. മനുഷ്യൻെറ ബന്ധനത്തിന്നും മോക്ഷത്തിന്നും ഹേതു മനസ്സാണെന്നു പറയുമ്പോഠംത്തന്നെ അതു് ആത്മാവിൽനിന്നും ഭിന്നവും ആത്മാവിൻെറ ഒരു ഉപകരണവും മാത്രമാണെന്നു തെളിയുന്നു. സുഷുപ്തി സമയത്തു മനസ്സു ലയം പ്രാപിക്കുന്നുണ്ടെങ്കിലും സാക്ഷിസ്വരൂപനായ ആത്മാവിൻെറ ഭാഗം ഉള്ളതുകൊണ്ടു്, ''ഞാൻ സുഖമായി ഉറങ്ങി—ഒന്നും അറിഞ്ഞില്ല'' എന്ന രൂപത്തിലുള്ള ജ്ഞാനം ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ആത്മാവു മനസ്സല്ലെന്നും മനസ്സിൽനിന്നും ഭിന്നനാണെന്നും സിദ്ധിക്കുന്നു. ഈ തത്വത്തെത്തന്നെയാണു് ''ദൃശ്യത്വാത്'', ''കരണത്വാത് ച'' (മനസ്സ് ഒരു ദൃശ്യവസ്തുവും, ദീപത്തെപ്പോലെ ഒരു ഉപകരണവും മാത്രമായതുകൊണ്ടു്) ആത്മാവാകുന്നതല്ല എന്നു് ഈ പത്താമത്തെ മന്ത്രംകൊണ്ടു് സ്ഥാപിച്ചിരിക്കുന്നതു്.

ബുദ്ധിരപ്യാത്മാ ന ഭവതി ദൃശ്യത്വാത് കരണത്വാത് പ്രദീപവത്॥ 1—11.

ദൃശ്യത്വാത്=ഒരു ദൃശ്യവസ്തുവായതുകൊണ്ടും, പ്രദീപവത്=ഒരു വിളക്കെന്നപോലെ, കരണത്വാത്=ഒരു ഉപക്കരണം മാത്രമായതുകൊണ്ടും, ബുദ്ധിഃ അപി=ബുദ്ധിയുംകൂടി, ആത്മാ=ആത്മാവു്, ന ഭവതി =ആകുന്നതല്ല.

''നിശ്ചയാത്മികാ ബുദ്ധിഃ'' ഏതൊരു കാര്യത്തെക്കുറിച്ചും നിശ്ചയമായ (ദൃഢമായ) ഒരു തീർപ്പിൽ എത്തുന്നതാകുന്നു ബുദ്ധി. മനസ്സു സങ്കല്പവികല്പങ്ങഠം മൂലം അലട്ടപ്പെടുമ്പോഠം ബുദ്ധി ദൃഢസ്വരത്തിൽ ''ഗുണം വാ ദോഷം വാ'' (ഗുണമായാലും ശരി ദോഷമായാലും ശരി) ഇന്ന രീതിയിൽ പ്രവർത്തിക്കണം, ഇന്നതു ചെയ്യണം എന്നു തീർപ്പു നിശ്ചയിക്കുന്നു. മററുള്ള അവയവങ്ങളെല്ലാംതന്നെ ആ തീർപ്പനുസരിച്ച പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ബുദ്ധിയും ആത്മാവല്ല എന്നാണിവിടെ സ്ഥാപിക്കുന്നതു്. കൂടസ്ഥനും, നിത്യനും, അന്തർയാമിയുമായ ആത്മാവിനെ സംബന്ധിച്ചേടത്തോളം 'ബുദ്ധി' ബാഹ്യവും, നിശ്ചയമായി ഒരു കാര്യത്തെപ്പററി തീർപ്പു കല്പിക്കുവാൻ കെല്പുള്ള പ്ര

ജ്ഞതയോടുകൂടിയ ഒരു ഉപകരണവും മാത്രമാകുന്നു. പ്രദീപത്തെപ്പോലെ തന്നെ അതു് ഒരു ദൃശ്യവസ്തുവും ഒരു ഉപകരണവും മാത്രമാകുന്നു. അതു കൊണ്ടു് അതു് ആത്മാവല്ല എന്നു വിചാരണയിൽ യുക്തമായി സിദ്ധിക്കുന്നു.

ബൌദ്ധന്മാരിൽ 'യോഗാചാര' മതാവലംബികരം (ക്ഷണികവിജ്ഞാനവാദികരം), വാദിക്കുന്നതു വിജ്ഞാനാത്മികയായ ബുദ്ധിതന്നെയാണു് ആത്മാവു് എന്നാണു്. അപ്പഴപ്പോഴുണ്ടാകുന്നതും ഉടനുടൻ നശിക്കുന്നതുമായ വിജ്ഞാനസ്വഭാവത്തോടുകൂടിയതാണു് ബുദ്ധി. സ്വതവെ മനസ്സു ജഡമാണെങ്കിലും മനസ്സിൽ ബുദ്ധിയുടെ വിജ്ഞാനം പ്രകാശിക്കുന്നതുകൊണ്ടാണു് സുഖദുഃഖങ്ങളെ അറിയുവാനും, അനുഭവിക്കുവാനും അതിന്നു സാദ്ധ്യമാകുന്നതു്. മനസ്സു ജഡവത്തായ ഒരുപകരണം മാത്രമായതുകൊണ്ടു് അതിനെ നിയന്ത്രിക്കുന്നതായ ഒരു വിജ്ഞാനസ്വരൂപവും ചൈതന്യസ്വരൂപവുമായ ബുദ്ധി ആവശ്യമായി വരുന്നു. ഇന്ദ്രിയദ്വാരാ ലഭിക്കുന്ന നാനാമുഖങ്ങളായ അറിവിനെ ഒരു കുഴപ്പവും കൂടാതെ അനുഭവരൂപത്തിൽ കൊണ്ടുവരുവാനുള്ള കെല്പു് ജഡാത്മകമായ മനസ്സിന്നില്ല. അതുകൊണ്ടു മനസ്സിൻേറയും നിയന്താവായി വത്തിക്കുന്നതും വിജ്ഞാനസ്വരൂപവുമായ ബുദ്ധിതന്നെ ആത്മാവു് എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു. വേദബാഹ്യന്മാരാണെങ്കിലും ശ്രുതികളിലും ഈ സിദ്ധാന്തത്തെ സ്ഥാപിക്കുവാനുതകുന്ന പ്രമാണങ്ങരം ഉണ്ടെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി തൈത്തിരീയ ഉപനിഷത്തിൽ "അന്യോഽന്തര ആത്മാ വിജ്ഞാനമയഃ" (ദേഹം, ഇന്ദ്രിയങ്ങരം, മനസ്സു് ഇവക്കെല്ലാം അപ്പുറം സ്ഥിതിചെയ്യുന്നതും വിജ്ഞാനമയവുമായ ബുദ്ധിതത്വം തന്നെയാണു് ആത്മാവു്) എന്ന മന്ത്രം അവർ ഉദ്ധരിക്കുന്നു. തൈത്തിരീയ ഉപനിഷത്തിലെ പഞ്ചകോശനിരൂപണഖണ്ഡത്തിലടങ്ങിയ ഈ മന്ത്രം പഞ്ചകോശങ്ങരം അനാത്മാക്കളാണെന്നും അവയിൽനിന്നും വ്യതിരിക്തനായ സച്ചിദാനന്ദസ്വരൂപനും സവ്വസാക്ഷിയുമായി സ്ഥിതിചെയ്യുന്ന ആത്മതത്വത്തെ സമ്യക്കാംവണ്ണം ഗ്രഹിപ്പിക്കുവാൻവേണ്ടി തുടങ്ങീട്ടുള്ള ഒരു പ്രകരണമാണെന്നും മുമ്പുതന്നെ വ്യക്തമാക്കീട്ടുണ്ടല്ലോ. ആ പ്രകരണത്തിൻെറ മദ്ധ്യത്തിൽനിന്നും പൂവ്വാപരബന്ധപരാമശ്മെന്യേ അടത്തിയെടുക്കപ്പെട്ടിട്ടുള്ള ഈ ഭാഗവും ഒരു സിദ്ധാന്തസ്ഥാപനത്തിന്നും ഉതകുന്നതല്ല എന്നു് വ്യക്തമാണല്ലോ. ഇതിൻെറയെല്ലാം ഖണ്ഡനമായിട്ടാ

# ലഘുവാസുദേവമനനം

**(സ്വാമി പുരുഷോത്തമതീർത്ഥ)**

**III**

[ തുടച്ച് ]

ജീവന്നു ദുഃഖമുണ്ട്, ദുഃഖത്തിന്നു കാരണം ജന്മമാണ്. കർമ്മമാണ് ജന്മഹേതു. രാഗദ്വേഷാദികളാണ് കർമ്മത്തിന്നു പ്രചോദനം. രാഗദ്വേഷാദികൾ അഭിമാനത്തിൽനിന്നും ഉത്ഭവിക്കുന്നു. അവിവേകമാണ് അഭിമാനത്തിന്നുറവിടം. അവിവേകം അജ്ഞാനജവും. ഈ വിധം അജ്ഞാനം മുതൽ ദുഃഖംവരെയുള്ള ഏഴ് ഉപാധികളാണ് ജീവഭാവത്തിന്ന കാരണം.

---

ണ്, അന്തഃസ്ഥനം, ചിദ്രൂപനും ആയ പ്രത്യഗാത്മാവിനെ സംബന്ധിച്ചിടത്തോളം ബുദ്ധിയും മനസ്സിനെപ്പോലെത്തന്നെ ഒരു ദൃശ്യവസ്തുവും ദീപത്തെപ്പോലെ ഒരു ഉപകരണവും മാത്രമായതുകൊണ്ട് അത് ഒരു പ്രകാരത്തിലും ആത്മാവാകുവാൻ തരമില്ല; അത് ആത്മാവല്ല എന്നു സ്വപക്ഷസിദ്ധാന്തത്തെ യുക്തിപൂർവ്വം സ്ഥാപിച്ചിരിക്കുന്നു.

ഈ സന്ദർഭത്തിൽ ആത്മതത്വത്തെ നിരൂപിക്കുന്ന കഠോപനിഷത്തിലെ പ്രജ്ഞാനദ്യോതകമായ മന്ത്രം എത്രയേറെ അനുയോജ്യമായിരിക്കുമെന്നു നോക്കാം.

ഇന്ദ്രിയേഭ്യഃ പരാഹ്യർത്ഥാഃ
അർത്ഥേഭ്യശ്ചപരം മനഃ।
മനസസ്തു പരാ ബുദ്ധിഃ
ബുദ്ധേരാത്മാ മഹാൻ പരഃ ॥

ശ്രോത്രാദി ഇന്ദ്രിയങ്ങളേക്കാൾ ബലവത്തരങ്ങളാകുന്നു ശബ്ദാദി വിഷയങ്ങൾ. വിഷയങ്ങളേക്കാൾ മനസ്സു കൂടുതൽ ബലവാനും ശ്രേഷ്ഠനുമാകുന്നു. മനസ്സിനേക്കാൾ ശ്രേഷ്ഠമായതാകുന്നു നിശ്ചയാത്മകമായ ബുദ്ധിതത്വം. ഈ ബുദ്ധിയേക്കാളും, ഇവയുടേയെല്ലാം നിയന്താവായും സ്വാമിയായും സ്ഥിതിചെയ്യുന്ന ആത്മാവ് സർവ്വശ്രേഷ്ഠനാകുന്നു. അതുകൊണ്ടു ശ്രേഷ്ഠതമത്വം സർവ്വനിയന്താവായ പ്രത്യഗാത്മാവിന്നു തന്നെ.

(തുടരും)

ജീവാത്മാവിന്നു ദുഃഖം സ്വാഭാവികമോ, അതോ വന്നുകൂടിയതോ എന്നു നമുക്കു ചിന്തിക്കേണ്ടതുണ്ട്. സ്വാഭാവികമാണെന്നുവരികിൽ അനേക ദോഷങ്ങളുണ്ട്. ദുഃഖം സ്വാഭാവികമായാൽ ദുഃഖനിവൃത്തി ഒരിക്കലും സാധ്യമാവുകയില്ലല്ലോ. മാത്രമല്ല, ആക്കും സുഖം ഉണ്ടാവുകയും ഇല്ല. ദുഃഖനിവൃത്തിക്കും, സുഖപ്രാപ്തിക്കും ആയുള്ള കമ്മം പ്രയോജനശൂന്യവുമാവും. സത്കമ്മങ്ങാം യോഗം, ധ്യാനം, ഉപാസന ഇവയിൽ ആരും പ്രയത്നിക്കേണ്ട ആവശ്യമില്ലാതാവും. അപ്പോാം, വേദശാസ്ത്രപുരാണങ്ങാംപോലും വ്യത്ഥങ്ങളായും തീരും.

ജീവന്നു ദുഃഖം സ്വാഭാവികമാണ്; എങ്കിലും അതിൻെറ നിവൃത്തിക്കായി കമ്മം ചെയ്യുകയും വേണം എന്നു പറയുകയാണെങ്കിൽ അതൊരിക്കലും സംഭാവ്യമല്ല. സ്വഭാവം സ്വരൂപമാകയാൽ, സ്വഭാവനാശം വരുമ്പോാം സ്വരൂപംതന്നെ നശിക്കുമല്ലോ. ശക്കരയ്ക്കു മധുരം സ്വാഭാവികമാണ്; ആ സ്വാഭാവികഗുണത്തെ നശിപ്പിക്കണമെങ്കിൽ ശക്കരയെത്തന്നെ നശിപ്പിച്ചേ പററു. എന്തുകൊണ്ടെന്നാൽ ശക്കരയുള്ളേടത്തോളം കാലം അതിന്നു മധുരഗുണവും ഉണ്ടാവും. തൻെറ സ്വരൂപനാശത്തിന്നായി ആരെങ്കിലും പ്രയത്നിക്കുമോ? ഇല്ലതന്നെ. അഥവാ തൻെറ സ്വരൂപനാശത്തിന്നായി പ്രയത്നിക്കുകയാണെന്നുവരികിൽ, അപ്പോാം പുരുഷാത്ഥപ്രാപ്തിക്കായി പരിശ്രമിക്കുവാനാരുണ്ടാവും? ജീവാത്മാവിന്നു ദുഃഖം സ്വാഭാവികവും, ദുഃഖനാശം അനിവാര്യവും ആണെങ്കിൽ ദുഃഖനാശം സംഭവിക്കുമ്പോാം ആത്മസ്വരൂപനാശംതന്നെ സംഭവിക്കുമല്ലോ. അതൊരിക്കലും സംഭാവ്യമല്ല. ശ്രുതിസ്മൃതിവചനങ്ങാം ആത്മാവ് അനശ്വരവും നിത്യവും ആണെന്നു ഘോഷിക്കുന്നുണ്ട്. "അവിനാശീ വാ അരേയമാത്മാ"—(ഹേ,മൈത്രേയി!) ഈ ആത്മാവ് അവിനാശിയാണ് (നിത്യമാണ്)—ബൃ: 4–5–14; "ആകാശവത്സവ്വഗതശ്ച നിത്യഃ" (ആത്മാവ്) ആകാശംപോലെ സവ്വവ്യാപിയും ശാശ്വതവുമാണ്; "അജോ നിത്യഃശാശ്വതോയം പുരാണോ ന ഹന്യതേ ഹന്യമാനേ ശരീരേ" ഈ ആത്മാവ് ജനിക്കാത്തതും, നിത്യവസ്തുവും, ശാശ്വതസ്വരൂപിയും, പുരാതനവും ആകയാൽ മരണത്തിന്നു വിധേയമായ ശരീരം നശിക്കുമ്പോഴും നശിപ്പിക്കപ്പെടുന്നില്ല. കഠോപനിഷത്ത് 2–18. ഈ ശ്രുതിവചനങ്ങാം ആത്മാവിൻെറ നിത്യസ്വഭാവത്തെ സംശയാതീതമായി തെളിയിക്കുന്നു.

ആകയാൽ, ആത്മാവിന്നു ദുഃഖം സ്വാഭാവികമല്ല; വന്നുകൂടിയതുതന്നെ.

സ്വാഭാവികമായതു നശിക്കുമ്പോഴും സ്വരൂപം നശിക്കാതിരുന്നു കൂടേ എന്നു ചോദിക്കുന്നതായാൽ, അതൊരിക്കലും സംഭാവ്യമല്ല. അഗ്നിയുടെ സ്വാഭാവികമായ ചൂടു മണിമന്ത്രാദികളെക്കൊണ്ടു നശിക്കുന്നു; ചൂടിന്നു പകരം തണുപ്പു് വരുന്നു; സ്വരൂപനാശം സംഭവിക്കുന്നുമില്ല. അതേപ്രകാരം ജീവാത്മാവിന്നു ദുഃഖം സ്വാഭാവികമാണു്. പക്ഷെ ഉൽകൃഷ്ടകർമ്മം, ഉപാസന, യോഗബലം മുതലായവയെക്കൊണ്ടു ദുഃഖത്തെ കളയാം, സുഖം കിട്ടുകയും ചെയ്യും എന്നു പറയുന്നതായാൽ അതു ശരിയല്ല. അങ്ങനെ കൈവരുന്ന നിവൃത്തി താല്ക്കാലികമാണു്. ആത്യന്തികമല്ല. എന്തുകൊണ്ടെന്നാൽ കർമ്മജന്യമായ എന്തും കർമ്മം നശിക്കുമ്പോൾ നശിക്കുന്നു. മണിമന്ത്രാദികളുടെ നാശത്തോടെ അഗ്നിയുടെ സ്വഭാവമായ ഉഷ്ണം തിരിച്ചുവരും. കർമ്മാദികളുടെ ഫലം ക്ഷയിക്കുമ്പോൾ ജീവന്റെ താല്ക്കാലിക സുഖം പോയി സ്വാഭാവികമായ ദുഃഖം തിരിച്ചു വരികയും ചെയ്യും. ആകയാൽ കർമ്മോപാസനാദികളെക്കൊണ്ടു് ഏതു ജീവാത്മാവിന്നും താല്ക്കാലിക മുക്തിയില്ലാതെ പുനർജ്ജന്മ വർജ്ജിതമായ നിത്യമുക്തി കിട്ടുന്നതല്ല. മാത്രമല്ല, മോക്ഷം കർമ്മോപാസനാദികളാൽ ജനിപ്പിക്കേണ്ട ഒന്നായാൽ അതിന്നു് അനിത്യത്വവും ഉണ്ടാവും. ഇതു് "ന ച പുനരാവർത്തതേ" (മുക്തൻ പുനരാവർത്തിക്കു വിധേയനാകുന്നില്ല.) എന്ന മുക്തിയുടെ നിത്യത്വത്തെ പ്രതിപാദിക്കുന്ന ശ്രുതിപ്രമാണത്തിന്നു വിരോധമായിത്തീരും. ആത്മാവിന്നു ദുഃഖം സ്വാഭാവികമായാൽ സുഷുപ്തി, തൂഷ്ണീംഭാവം, സമാധി മുതലായ അവസ്ഥകളിലും ദുഃഖം സ്ഫുരിക്കാതെ കഴികയില്ല. എന്നാൽ അനുഭവം അങ്ങനെയല്ല. ഇവ മൂന്നിൽനിന്നും വ്യുത്ഥാനദശയിലേയ്ക്കു വരുമ്പോൾ "ഞാൻ ഇതേവരെ ഇരുന്ന അവസ്ഥ സുഖകരമായിരുന്നു," എന്ന ബോധമാണു് സാർവ്വത്രികമായി എല്ലാവർക്കും അനുഭവപ്പെടുന്നതു്. ആകയാൽ ആത്മാവിന്നു സുഖം സ്വാഭാവികവും ദുഃഖം ആഗന്തുകവും ആണു്.

ആത്മാവു് സ്വതവേ സുഖസ്വരൂപനാണു്; ശരീരപരിഗ്രഹം കൊണ്ടു മാത്രമാണു് ആത്മാവിന്നു് ദുഃഖം വന്നുകൂടിയതു്. "യത്ര യത്ര ശരീര പരിഗ്രഹ സ്തത്ര തത്ര ദുഃഖം"—എവിടെ ശരീരഭാവമുണ്ടോ അവിടെ ദുഃഖവുമുണ്ടു് എന്നാണു് ശ്രുതിവചനം. ശരീരപരിഗ്രഹം മൂലം രാജാക്കന്മാൎക്കുപോലും ദുഃഖമുണ്ടോ, എന്നാണെങ്കിൽ അവൎക്കും ഉണ്ടു്. ശത്രുപീഡ, രാജ്യഭാരചുമതല, ധനധാന്യക്ഷയം, ബന്ധുബാ

ന്ധവരുടെ മരണം, അവനവന്നു വന്നേയ്ക്കാവുന്ന ജരാമരണഭയം, ഇവ യാൽ അവക്കും ദുഃഖമുണ്ടു്. "ലോകത്തിൽ എത്രയാളുകളാണു് സുഖമായിക്കഴിയുന്നതു്, എനിക്കുമാത്രം ഇങ്ങനെ വന്നുവല്ലോ" എന്നു സാധാരണ പറയുന്നതു ലോകസഹജമാണെന്നല്ലാതെ വാസ്തവത്തിൽ ഈ ലോകത്തിൽ ജീവിക്കുന്ന ആക്കും ആത്യന്തികസുഖം ഇല്ലതന്നെ. ഭാരവാഹകൻ ചുമട്ടുമേന്തി അനവധി നാഴിക നടന്നു നടന്നു പഴകിക്കഴിയുമ്പോറം അയാറംക്കു ഭാരം വഹിക്കൽ ക്ലേശകരമായിത്തോന്നുന്നില്ല. കൃഷിപ്പണിയിൽ സതതം നിരതനായ ഒരു കഷ്കൻ അതു ചെയ്തു ചെയ്തു തഴമ്പു വരുമ്പോറം അതിൻെറ ദുഃഖാത്മകതചത്തെ അറിയുന്നുമില്ല. പക്ഷെ ഇത്രയുംകൊണ്ടു ഭാരം വഹിക്കലോ, കൃഷിത്തൊഴിലോ ദുഃഖാത്മകമല്ലെന്നു വരുന്നുണ്ടോ? അഭ്യാസംകൊണ്ടു് അവയിലുള്ള ദുഃഖത്തെ പ്രത്യേകം അറിയുന്നില്ലെന്നു മാത്രമേയുള്ളൂ.

ആത്മജ്ഞാനികറംക്കുപോലും ശരീരപരിഗ്രഹംമൂലം അജ്ഞാനികറംക്കെന്നപോലെ പൈദാഹാദികറം മൂലവും, ശീതോഷ്ണാദികറം മൂലവും, വ്യാധികറംമൂലവും, സപ്പം, തേറം, വ്യാഘ്രം മുതലായ ദുഷ്ടജന്തുക്കറം മൂലവും ദുഃഖമുണ്ടു്. അപ്പോറം ജ്ഞാനിക്കു് അജ്ഞാനിയേക്കാറം എന്താണു് വിശേഷം? അവക്കു തമ്മിൽ ബാഹ്യവ്യാപാരങ്ങളിൽ വലിയ വ്യത്യാസമൊന്നും കാണുന്നില്ലെങ്കിൽപോലും, ആന്തരികമായി വലിയ വ്യത്യാസമുണ്ടു്, വിവേകിയായ മഹാത്മാവു് "എല്ലാ ദുഃഖങ്ങളും അന്തഃകരണജാതങ്ങളാണു്; ആത്മാവിൻേറതല്ല. സത്ചിദാനന്ദസചരൂപിയായ ആത്മാവിന്നു് അനൃതജഡദുഃഖസചരൂപമായ അന്തഃകരണവുമായി യാതൊരു സംബന്ധവുമില്ല" എന്നറിഞ്ഞു ദുഃഖങ്ങളാൽ അസ്പൃഷ്ടനായി വത്തിക്കുന്നു. "അസംഗോഽഹ്യയം പുരുഷഃ"— ഈ പുരുഷൻ അസംഗനാണു് എന്ന ബൃഹദാരണ്യക ശ്രുതിവചനം, നിദ്ര, തൂഷ്ണീം സ്ഥിതി, സമാധി, എന്നിവയിൽ അനുഭവപ്പെടുന്നുമുണ്ടു്.

നേരേമറിച്ചു് അവിവേകിയായ അജ്ഞാനി, ആത്മസചരൂപത്തെ അറിയാതെ ദേഹാദികറംതന്നെ ആത്മാവെന്നു ധരിച്ചു്, അനാത്മവ്യാപാരങ്ങളെ ആത്മാവിൽ ആരോപിക്കുന്നു; ആത്മസചരൂപമായ "സത്ചിദാനന്ദ" ധമ്മങ്ങളെ അനാത്മാവിന്നും ആരോപിക്കുന്നു. ഈവിധമുള്ള അന്യോന്യാദ്ധ്യാസഹേതുവായി "ഞാൻ ദേവൻ, ഞാൻ മനുഷ്യൻ, ഞാൻ ആയ്യൻ, ഞാൻ ദ്രാവിഡൻ, ഞാൻ ബ്രാഹ്മണൻ, ഞാൻ വൈശ്യൻ, ഞാൻ ബ്രഹ്മചാരി, ഞാൻ ഗൃഹസ്ഥൻ" എന്നീ പ്രകാരത്തിൽ ജാതിവണ്ണാശ്രമാഭിമാനിയായി ജീവിക്കുന്നു.

ഈവിധം ജ്ഞാനിക്കും അജ്ഞാനിക്കും തമ്മിൽ അനവധി വ്യത്യാസങ്ങളും ഉണ്ട്. സൂക്ഷ്മമായി നോക്കുമ്പോൾ അവരുടെ ബാഹ്യവ്യാപാരങ്ങളിലും വ്യത്യാസം കാണാം. ജ്ഞാനി പ്രപഞ്ചം മിത്ഥ്യയാണെന്നറിഞ്ഞു തന്റെ പ്രാരബ്ധത്തെപ്പോലും സ്വപ്നതുല്യമായേ കാണുന്നുള്ളു. നേരെമറിച്ച് അജ്ഞാനി പ്രപഞ്ചമാണ് സത്യം, സുഖദുഃഖാനുഭവങ്ങളും സത്യംതന്നെ എന്നു വിശ്വസിക്കുന്നു. ഈവിധം ജ്ഞാനിക്കും അജ്ഞാനിക്കും, ഒരുപോലെ ശരീരം ദുഃഖകാരണമാണ്.

"വജ്രായുധധാരിയായ ഇന്ദ്രൻ" എന്നും മററും ദേവന്മാരെ വർണ്ണിക്കുന്നതിൽനിന്നും അവക്കും ശരീരമുണ്ടെന്നും ശരീരപരിഗ്രഹംമൂലം ദുഃഖമുണ്ടെന്നും വന്നുകൂടുന്നു. തമ്മിൽത്തമ്മിലും, അസുരരാക്ഷസന്മാരുമായും യുദ്ധം ചെയ്യുന്നതിനാലും, പുണ്യകർമ്മഫലം ക്ഷയിക്കുമ്പോൾ മനുഷ്യലോകത്തിലേയ്ക്കു തിരിച്ചു പോരേണ്ടിവരുന്നതിനാലും, കോപശാപാദികളാലും ദേവന്മാക്കും ദുഃഖമുണ്ട്. സ്വയം ദുഃഖികളായ അവരെ മനുഷ്യർ എന്തിന് ഉപാസന ചെയ്യണം? അവർ എങ്ങനെ അന്യക്കു സുഖത്തെ കൊടുക്കുവാൻ പര്യാപ്തരാകും? എന്നു ചോദിക്കുന്നതായാൽ പറയാം. മനുഷ്യലോകത്തിലും രാജാക്കന്മാർ സ്വയം ദുഃഖികളായിരുന്നും അവരുടെ ആശ്രിതന്മാരെ പരിപാലിക്കുന്നതെതുപോലെയാണോ അതേവിധം ദേവന്മാക്കു ദുഃഖമുണ്ടെങ്കിൽപോലും അവരെ ആശ്രയിക്കുന്ന അന്യരെ പരിപാലിക്കുവാൻ കഴിവുള്ളവരാണവർ. "ദേവലോകത്തിൽ ദേവന്മാർ ആനന്ദരൂപന്മാരായി സ്ഥിതിചെയ്യുന്നു" എന്ന ശ്രുതിവചനം ദേവന്മാക്ക് ഒരിക്കലും ദുഃഖമില്ലെന്നതിനേയല്ല കുറിക്കുന്നതു്. ദുഃഖമെല്ലാം അന്തഃകരണജാതമാണെന്നറിഞ്ഞ്, ആ വക ദുഃഖങ്ങളാൽ അബാധിതരായി വർത്തിക്കുന്നു എന്നു മാത്രമേ ഇതിന്നർത്ഥമുള്ളു. "ആ (മഹാശക്തി) അഗ്ന്യാദികളായ എല്ലാ ദേവതകളേയും (തന്റെ സങ്കല്പത്താൽ) സൃഷ്ടിക്കുകയും അവർ ഈ മഹത്തായ സംസാരാർണ്ണവത്തിൽ പതിക്കുകയും ചെയ്തു" എന്ന ഐതരേയ ശ്രുതി (2–1) ദേവന്മാക്കും ശരീരപരിഗ്രഹം ദുഃഖത്തിനു കാരണമാണെന്നതിനെ സംശയാതീതമായി പ്രതിപാദിക്കുന്നു. ആകയാൽ ഏതൊരു മുമുക്ഷുവും വിദേഹമുക്തിക്കായിത്തന്നെ (ജീവാത്മപരമാത്മൈക്യബോധരൂപമായ സായൂജ്യമുക്തിക്കായി) പ്രയത്നിക്കേണ്ടതാണ്.

(തുടരും)

# ഉത്തരഖണ്ഡപര്യടനം—20

**(സ്വാമി ദയാനന്ദതീർത്ഥ)**

[തുടർച്ച]

ജ്യോതിർമഠം കഴിഞ്ഞു.

പിറേറന്നാൾ അതിരാവിലെ ഉണർന്നു ഞങ്ങൾ യാത്ര ആരംഭിച്ചു. അല്പംപോലും ഉണങ്ങാത്ത ഞങ്ങളുടെ രോമക്കുപ്പായങ്ങളും പുതപ്പുകളുമെല്ലാം കുറേയെല്ലാം നിവർത്തി തലയിലൂടേയും മററും ഇട്ടുകൊണ്ടാണ് പുറപ്പാട്. തലേ രാത്രി ഞങ്ങളോടു കലഹത്തിനു തയ്യാറെടുത്തു വന്ന ചുട്ടിയുടമ അയാളുടെ കുടിലിന്റെ പുറത്ത് ഞങ്ങളെ തുറിച്ചുനോക്കിക്കൊണ്ട് നില്ക്കയാണ്. ആകാശം അത്രയേറെ തെളിവൊന്നുമില്ലാത്ത സ്ഥിതിയിലാണ്. ഒരു കുടുംബകലഹത്തിനുശേഷം തന്റെ ആഗ്രഹങ്ങൾ അപ്പടിയേ നിറവേറിക്കിട്ടാത്ത അതൃപ്തയായ ഒരു ഗൃഹനായികയെപ്പോലെ. ഉച്ചതിരിഞ്ഞാൽ മഴ പെയ്യാനുള്ള ഒരുക്കക്കൂട്ടലെല്ലാമുണ്ട്. ഇനിയും ചാമോളിയിലെത്തുന്നതിനുമുമ്പു മഴ പിടിക്കാതെ കഴിച്ചുകൂട്ടിയാൽകൊള്ളാമെന്നു ഞങ്ങൾക്കുമുണ്ട്. അതിനാൽ, വടക്കൻ പാട്ടിൽ പറയുംപോലെ, ''ഒന്നോടി ഒന്നു നടന്നു''' കഴിയും വേഗത്തിൽ ദൂരം പിൻതള്ളുകയാണ്. ചിലപ്പോൾ മഴ ഒന്നു ചാറുന്ന ഭാവം കാണിക്കും. പക്ഷേ ചാറുകയില്ല. വെയിൽ നിശ്ശേഷമില്ല. വലിയ തണുപ്പുമില്ല. അധികം കയററമോ ഇറക്കമോ ഇല്ലാത്തതിനാൽ യാത്ര സുഖകരമാണുതാനും. ഏതാണ്ടൊരു ഒൻപതു മൈൽ ദൂരം കഴിഞ്ഞപ്പോൾ അങ്ങു ദൂരെ കുറെയേറെ താഴെയായി ചാമോളീനഗരം ഞങ്ങൾക്കു മുൻപിൽ ആവിർഭവിച്ചു.

ഇവിടെനിന്നും ചാമോളിനഗരത്തിന്റെ കാഴ്ച അതിമനോഹരമാണ്. നഗരത്തിന്റെ ഒരു ഭാഗത്തുകൂടി മഹാഭാഗയായ അളകനന്ദ കുതിച്ചിരമ്പിപ്പായുന്നു. നദിയിൽനിന്നും പടുത്തുയർത്തിയതുപോലെ നെട്ടനീളെ ഉയർന്നുനില്ക്കുന്ന പാറകളിൽ കാലുമൂന്നി ധാരാളം കെട്ടിടങ്ങൾ നില്ക്കയാണ്. ഈ ദൂരത്തിൽനിന്നു നോക്കിയാൽ ഈ കെട്ടിടങ്ങളെല്ലാം അതിമനോഹരങ്ങളെന്നേ തോന്നൂ. ഞങ്ങൾ നില്ക്കുന്നിടത്തുനിന്നും വഴി വളഞ്ഞുപുളഞ്ഞ് അളകനന്ദയുടെ തീരത്തേയ്ക്കു നീ

ങ്ങുന്നു. സാധാരണ നാട്ടിൻപുറങ്ങളിലുള്ളപോലെ പണിത ഗൃഹങ്ങരം അവിടവിടെ കാണാം. നിറയെ ഫലങ്ങളേയും വഹിച്ചുകൊണ്ടു നില്ക്കുന്ന മാവുകരം, ഹിമാലയത്തിൽ കടന്നശേഷം ഞങ്ങരം ഇവിടെ വച്ചാണാദ്യമായിക്കണ്ടതു്. ഹിമാലയഗാംഭീര്യം ഒരു ഗിരിപ്രദേശത്തിൻെറ ഗ്രാമശ്രീയായി മാറുകയാണു്. ഒരു തെളിഞ്ഞ നാട്ടിൻപുറം. മഴക്കാർ ഒഴിഞ്ഞതിനാൽ ആകാശവും തെളിഞ്ഞു. ആകെക്കൂടി തെളിഞ്ഞ ഹൃദയത്തോടുകൂടിയാണു് അളകനന്ദയുടെ വടക്കേക്കരയിൽനിന്നും ചാമോളിയിലേയ്ക്കുള്ള പാലത്തിൽ ഞങ്ങരം കയറിയതു്. പക്ഷേ പാലം കയറിക്കടന്നു്, ഇടിഞ്ഞതും, ഇടുങ്ങിയതുമായ കൽപ്പടകരം ചവുട്ടി മുകളിലേയ്ക്കു കയറാൻ തുടങ്ങിയ ഞങ്ങളുടെ ഹൃദയം നിരാശാഭാരത്താൽ താഴാൻ തുടങ്ങി. അത്രമാത്രം വൃത്തിഹീനമായ ഒരിടത്താണു് ഞങ്ങരം എത്തിച്ചേർന്നിരിക്കുന്നതു്. തിക്കും തിരക്കുമാണെങ്കിൽ സഹിക്കവെയ്യ. അവിടെയുള്ള കാലികംളിവാല സത്രത്തിൽ എത്തിയ ഞങ്ങരം അവിടുത്തെ വൃത്തികേടുകണ്ടമ്പരന്നുപോയി. കാലെടുത്തുകുത്താൻ ഇടമില്ലാത്തപോലെയുള്ള തിരക്കാണതിനുള്ളിൽ. തറയിൽ കുത്തിയ കാൽ ഉയർത്തുവാൻ വപ്പും കടിച്ചു വലിച്ചേ പററൂ. ഇങ്ങിനെയുള്ള ഒരിടത്തെങ്ങിനെയാണു് കഴിച്ചുകൂട്ടുക? എങ്ങിനേയോ ചെളി ഒരല്പം കുറവുള്ള ഒരിടം കണ്ടുപിടിച്ചു് അവിടെ ഞങ്ങളുടെ സാധനസാമഗ്രികരം നിക്ഷേപിച്ചു. അവിടത്തെ ധർമ്മക്ഷേത്രത്തിൽ നിന്നും ഭിക്ഷയായിക്കിട്ടിയ പഴയമാവു തല്ലിപ്പരത്തി ചുടുപിടിപ്പിച്ചു് അതു കടിച്ചുവലിച്ചുള്ളിലാക്കി. അവിടെ സ്ഥാപിച്ചിട്ടുള്ള ഒരേ ഒരു പമ്പിൽനിന്നു പകുതി കയ്യൂക്കും പകുതി നല്ല വാക്കും ഉപയോഗിച്ചു സമ്പാദിച്ചെടുത്ത വെള്ളവും കുറേ കുടിച്ചപ്പോരം പള്ള വീർത്തു. എവിടേയെങ്കിലും ഇരുന്നൊന്നു തളച്ച് തീക്കാനായി ഞങ്ങളുടെ സാധനങ്ങളുടെ സമീപം ചെന്നു കാൽ മടക്കിയിരുന്നു. ഞങ്ങരം ഇരിക്കാൻ കാത്തിരിക്കയായിരുന്നെന്നു തോന്നും, ഞങ്ങളുടെ മേൽ ഇരിക്കാൻ തിരക്കുകൂട്ടിയ ഈച്ചകളുടെ ബഹളം കണ്ടാൽ. കെട്ടും, ഭാണ്ഡവും, ഞങ്ങളെത്തന്നേയും ഒരു നിമിഷംകൊണ്ടു മൂടിക്കഴിഞ്ഞു, ആ ഈച്ചസൈന്യം. പക്ഷേ ഞങ്ങളും വിട്ടില്ല. കാൽ കുടഞ്ഞും, കൈവീശിയും, തല തിരിച്ചും, കൊട്ടിയും പാടിയും ഞങ്ങരം തോൽവി സമ്മതിക്കാതെ പടവെട്ടുകയാണു്.

അന്നു ഞങ്ങരക്കു ചാമോളി വിടണമെന്നു് ആഗ്രഹമില്ലായിരുന്നു. പക്ഷേ അവിടുത്തെ വൃത്തിഹീനതയും, ക്രമേണ ഈച്ചകളുമായു

ണ്ടായ യുദ്ധത്തിൽ നേരിട്ട പരാജയവും, അവിടെനിന്നും അന്നുതന്നെ കെട്ടുകെട്ടാൻ ഞങ്ങളെ ഉദ്യുക്തരാക്കിയതിനാൽ ഏതാണ്ടൊരു മൂന്നു മണിയോടുകൂടി ഞങ്ങൾ വീണ്ടും യാത്ര തുടൻ്ന്നു.

ചാമോളി ഒരു ചെറിയ പട്ടണമാണിപ്പോൾ. ഗാഡ്വാൾജില്ലയുടെ തലസ്ഥാനംകൂടിയാകയാൽ, കളക്ടരാഫീസ് തുടങ്ങിയ ജില്ലാതലസ്ഥാനങ്ങളുടെ ആസ്ഥാനകേന്ദ്രംകൂടിയാണീ നഗരം ഇപ്പോൾ. കൂടാതെ ചൈനായുദ്ധത്തിന്റെ കരിമേഘങ്ങൾ ഹിമാലയാന്തരീക്ഷത്തിൽ പരക്കുകയും, അങ്ങു ദൂരെ വെടിപൊട്ടൽ ഇടിനാദമായി മുഴങ്ങുകയും ചെയ്തതോടുകൂടി വെൺകുമിളുകൾപോലെ പടകുടീരങ്ങൾ ആ നഗരത്തിനു നാലുപാടും ഉയൻ്ന്നുവന്നിട്ടുണ്ട്. തന്മൂലം സൈനികരുടെ ഹിമാലയത്തിലെ ഒരു തലസ്ഥാനമായിത്തീൻ്ന്നിരിക്കയാണ് ചാമോളി. എല്ലാംകൂടി തിക്കും തിരക്കും കുറേയെല്ലാമുള്ള പ്രദേശം. കാലീകംളിവാലാ ക്ഷേത്രത്തെപ്പോലെയോ മററു തീൎത്ഥാടകരുടെ ആവാസസ്ഥാനങ്ങൾ പോലെയോ അത്ര അധികം വൃത്തിഹീനമല്ല, നഗരം പൊതുവേ നോക്കിയാൽ. സാമാന്യം നല്ല ഒരു വിക്രയസ്ഥാനം കൂടിയാണിവിടുത്തെ പ്രധാനരാജപാത. ബസ്സ്റ്റാൻഡും പരിസരങ്ങളുമാണ് ഏററവും അധികം ക്രയവിക്രയം നടക്കുന്ന സ്ഥലം. ഇതെല്ലാം പറഞ്ഞതിൽനിന്നു് ഒരു വലിയ നഗരമോ മറേറാ ആണീസ്ഥലമെന്നു് ആരും കരുതിപ്പോകരുതു്. ഒരു ഹിമാലയൻ നഗരം എന്ന നിലയ്ക്കു കുറേ ഏറെ പ്രാമാണ്യമുണ്ടു്; അത്രമാത്രം.

ചാമോളിയിൽനിന്നു ബസ്സുമാൎഗ്ഗമാണെങ്കിൽ പതിനൊന്നു മൈൽ ദൂരം വരും, പിപ്പൽകോട്ടിയിലേയ്ക്കു്. ഞങ്ങൾ വന്ന വഴിയേതന്നെ അളകനന്ദ അക്കരെ കടന്നു മോട്ടോർ റോഡിനു് ഏതാണ്ടു സമാന്തരമായ നാട്ടുപാതയിലൂടെ നടന്നുപോയാൽ പത്തുമൈൽ ദൂരമേ വരികയുള്ളു. പാദചാരികളായ ഞങ്ങൾ രണ്ടാമതു പറഞ്ഞ മാൎഗ്ഗമാണു് തിരിഞ്ഞെടുത്തതു്. സുഖകായ കാലാവസ്ഥയിൽ ആഹ്ലാദചിത്തരായ ഞങ്ങൾ നിരപ്പൊത്ത നടപ്പാതയിലൂടെ പിപ്പൽകോട്ടിലേയ്ക്കു യാത്ര ആരംഭിച്ചു. പക്ഷേ തലേന്നാളത്തെ ക്ഷീണവും, ഉറക്കച്ചടവും എല്ലാംകൂടി ഞങ്ങൾ കുറെയേറെ ക്ഷീണിച്ചിരുന്നു. ക്രമേണ ആകാശം മേഘാവൃതമായി മഴ ചാറാൻ തുടങ്ങി. ഇന്നലത്തെപ്പോലെ ഇന്നും നനഞ്ഞുകുഴയാൻ ഞങ്ങൾക്കിഷ്ടമില്ല. ചാമോളിയിൽനിന്നും ഒരു മൂന്നു നാഴിക ദൂരം നടന്നു് ഒരു ചെറിയ ഗ്രാമത്തിൽ എത്തി.

അവിടെ ഒരു ചെറിയ വെള്ളച്ചാട്ടവും ഒരു സ്വകാര്യസത്രവുമുണ്ട്. പണമില്ലാത്ത ഞങ്ങളെ സ്വകാര്യസത്രക്കാർ സ്വീകരിക്കയില്ലല്ലോ. പക്ഷേ എവിടെയെങ്കിലും കയറിക്കൂടാതെ നിവ്വാഹവുമില്ല. ആ സത്രമുടമ അവിടെത്തന്നെയുണ്ട്. അയാളോടു ഞങ്ങൾ വസ്തുത തുറന്നു പറഞ്ഞു. നോക്കണെ വൈരുദ്ധ്യം! അയാൾ യാതൊരു വിസമ്മതവും ഭാവിച്ചില്ലെന്നു മാത്രമല്ല, ആ ചട്ടിയിൽ ഏററവും സൗകര്യപ്രദമായ ഒരിടം ഞങ്ങൾക്കുപയോഗിക്കാൻ അനുവദിച്ചുതരികയും ചെയ്തു. അപ്പോഴേയ്ക്കും മഴ വദ്ധിച്ചുതുടങ്ങിയിരുന്നു. അവിടെനിന്നും വളരെ അകലെയല്ലാതെ അരുവിയിൽ പോയി ജലപാത്രം നിറയെ ജലം സംഭരിച്ചുകൊണ്ടുവന്നു. പട്ടക്കകൾ നിവത്തിയ ഞങ്ങൾ ആവോളം ശുദ്ധജലവും പാനംചെയ്തു വിശ്രമത്തിനു മുതിന്നു.

നേരം ഇരുട്ടിത്തുടങ്ങി. മഴ നിന്നു. ദിക്കുകൾ തെളിഞ്ഞു. ഹിമവാൻ പുഞ്ചിരിച്ചുതുടങ്ങി. അങ്ങു താഴെനിന്നു് 'അളകനന്ദ' താളം പിഴയ്ക്കാതെ, അഭംഗുരം തുടന്നുപോകയാണു് തന്റെ മന്ദ്രഗാനം. ഉറക്കം ഇഴഞ്ഞുകയറി, ഭാരമേറിയ കൺപോളകൾ താനേ അടഞ്ഞുപോകയാണെങ്കിലും ആ രാത്രിയുടെ മനോഹാരിമയിൽ മയങ്ങിയ മനസ്സിന്റെ നിയോഗത്തെ മാനിച്ചു്, പുതച്ചുമൂടിക്കിടന്നുകൊണ്ടുതന്നെ തുറന്ന ജനാലിലൂടെ ഞാനാ ചുററുപാടുകളെ ഇമവെട്ടാതെ നോക്കി രസിച്ചുകൊണ്ടിരുന്നു. ക്രമേണ പ്രശാന്തമായ സുഖനിദ്രയിൽ ലയിച്ച ഞങ്ങൾ അറിയാതെതന്നെ രാത്രി എവിടെയോ പോയൊളിച്ചു.

പിറേറന്നാളത്തെ പ്രഭാതം അതിപ്രസന്നമായിരുന്നു. അതിരാവിലെതന്നെ ഉണന്നു ഞങ്ങൾ ഉത്സാഹപൂവ്വം യാത്ര ആരംഭിച്ചു. അവിടെനിന്നും ഒരേഴു മൈൽക്കൂടി മുന്നോട്ടു പോയാൽ "പിപ്പൽകോട്ടു്" എന്ന പ്രദേശമായി. മനോഹരമായ പരിസരങ്ങൾ പ്രഭാതത്തിന്റെ പുഞ്ചിരിയോടിടകലന്നപ്പോൾ ആനന്ദം ഞങ്ങളിൽ തിരതല്ലി. അങ്ങിനെ നാഴികകൾ പിന്നിടുന്നതറിയാതെതന്നെ അളകനന്ദയിലുള്ള പാലത്തിൽ കയറിയപ്പോൾ നേരം എട്ടുമണിയിലധികമായിരുന്നില്ല. അവിടെ നിന്നാൽ കാണാം അങ്ങു മുകളിലായി പിപ്പൽകോട്ടു് തലയുയത്തി നില്ക്കുന്നതു്. തുംഗഭൂമിയിൽ സ്ഥിതിചെയ്യുന്ന ആ പട്ടണത്തിനു വളരെ താഴെയൂടെയാണു് അളകനന്ദ കുതിച്ചൊഴുകുന്നതു്. പാലം കടന്നു നട തുടങ്ങിയ ഞങ്ങൾ വിചാരിച്ചതിലേറെ ദൂരെയാണു് ആ ചെറുനഗരം എന്നു തോന്നി. ഒരു നല്ല കയററം. ഏതായാലും

പ്രഭാതകാലത്തെ ഉത്സാഹത്തള്ളൽ ഞങ്ങളെ വളരെ താമസമെന്യേ പിപ്പൽകോട്ടിൽ എത്തിച്ചു.

ഋഷീകേശത്തിൽനിന്നും ബദരിയിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ കാണുന്ന ഗ്രാമങ്ങളെല്ലാം മററിടങ്ങളിലുള്ള ഹിമാലയൻ ഗ്രാമങ്ങളേക്കാൾ കുറേയെല്ലാം വ്യത്യസ്തമാണ്. ചെറിയ ചെറിയ നാടൻപട്ടണങ്ങളുടെ മട്ടും മിരട്ടും എല്ലാമുണ്ടിവയ്ക്കു പൊതുവെ. മെററലിട്ടുറപ്പിച്ച റോഡും അതിലൂടെ ഇരമ്പിപ്പായുന്ന ബസ്സുകളും ഈ പ്രദേശങ്ങളുടെ പഴയ സമ്പ്രദായങ്ങളെ നിശ്ശേഷം തുടച്ചു മാററിക്കളഞ്ഞു. യാത്രാസൌകര്യങ്ങൾ വദ്ധിച്ചതോടുകൂടി യാത്രികരുടെ സംഖ്യയും വദ്ധിച്ചു. യാത്രികർ ധാരാളമായപ്പോൾ ക്രമേണ അവക്കാവശ്യമുള്ള കൂടുതൽ സൗകര്യങ്ങളും ഉണ്ടായിത്തുടങ്ങി. ഇപ്പോൾ ''പിപ്പൽകോട്ടു''പോലെയുള്ള ചെറുനഗരങ്ങൾപോലും താരതമ്യേന ചെറിയ ചെറിയ വ്യാപാരകേന്ദ്രങ്ങളായിത്തീന്നിരിക്കയാണ്. നവീന മാതൃകയിലുള്ള ചെറിയ ഭവനങ്ങൾ, ഹിമാലയൻ വനവിഭവങ്ങൾ കൌതുകകരമായി പ്രദശിപ്പിച്ചിട്ടുള്ള വിക്രയശാലകൾ, മററു പല സാധനങ്ങളും വ്യാപാരം ചെയ്യാനുള്ള വിപണികൾ, ഭോജനശാലകൾ, ബസ്സ് സ്റ്റാൻറ് എന്നുവേണ്ട സുഖജീവിതത്തിനാത്യാവശ്യമായ വസ്തുവകകൾ ഏതാണ്ടെല്ലാം കിട്ടുമവിടെ. പഹാഡികളുടെ വികൃതമായ വസ്ത്രങ്ങളല്ല ഇവിടെ പലരും ധരിക്കുന്നതു്. ഏററവും പരിഷ്കൃതമായ വസ്ത്രസാമഗ്രികൾപോലും പലയിടങ്ങളിലും കാണാനുണ്ടു്. ഹിമാലയ ഗഹനനയുടെ പശ്ചാത്തലത്തിൽ നവീനതയുടെ ഛായപ്പണികൾ. പക്ഷേ ഇത്തരം ജനപദങ്ങളെ പിൻതള്ളിക്കഴിഞ്ഞാൽ, വീണ്ടും ഹിമാലയം തനി ഹിമാലയമായി മാറുന്നു. വീതിയുള്ള രാജപാതകളും അതിലൂലെ ക്ലിപ്തസമയങ്ങളിൽ വലിഞ്ഞിഴഞ്ഞോടുന്ന വാഹനങ്ങളുമൊഴിച്ചാൽ പരിഷ്കാരം അവിടെങ്ങും എത്തിനോക്കിയിട്ടുപോലുമില്ല. പക്ഷേ കാലക്രമേണ ഇവിടെയെല്ലാം എന്തെല്ലാം വ്യത്യാസങ്ങളാണ് വരാൻ പോകുന്നതെന്നു് ഊഹിക്കാൻപോലും സാദ്ധ്യവുമല്ല.

പിപ്പൽകോട്ടിൽനിന്നും രാജപാതയിലൂടെ ഇരുപതു മൈൽ ദൂരമുണ്ടു് ''ജോഷീമഠം'' എന്ന സുപ്രസിദ്ധമായ ധാമത്തിലേയ്ക്കു്. വഴി സുഖകരമായതിനാൽ യാത്ര കഠിനമേയല്ല. ഇരുവശവും നിരനിരയായി നില്ക്കുന്ന മാമലകളും, അതിനടിയിലൂടെ ആത്തട്ടഹസിച്ചുകൊണ്ടു കുതിച്ചുപായുന്ന അളകനന്ദയും, അവിടവിടെ കണ്ണിനിമ്പം തരുംവണ്ണം പരന്നു പച്ചപിടിച്ചു കിടക്കുന്ന വയലുകളും, ഇടവിട്ടിടവിട്ടു കാ

ണ്ടന്ന ചെറിയ ഗ്രാമങ്ങളും എല്ലാം ഹൃദയാഹ്ലാദകരങ്ങളായ കാഴ്ചകളാണ്. ഇവിടെ അളകനന്ദയുടെ പടിഞ്ഞാറെത്തീരം, കുടുംതൂക്കായ ഒരു കരിംപാറക്കെട്ടാണ്. വളരെ വിഷമിച്ചിട്ടും ഒരു വാഹനത്തിന്നു കടന്നു പോകാനുള്ള വീതിയേ റോഡിനിവിടെയുള്ളൂ. പാറയുടെ മുകളിൽ നിന്നും ചെറിയ നീരുറവകൾ ഒലിച്ചിറങ്ങി സദാ നനഞ്ഞ നിലയിലാണ് റോഡ്. ഇതിന്റെ നേരെ ചുവട്ടിൽ ഒരുനൂറടി താഴെയായി ഭീകരാകാരയായി ഇരമ്പിക്കുതിക്കുകയാണ് അളകനന്ദ. നനഞ്ഞ പൂഴിയിൽ അപായകരമാംവണ്ണം അരികു ചേൻന്നു പോയിട്ടുള്ള വണ്ടിച്ചക്രങ്ങളുടെ പാടുകൾ സാമാന്യക്കാരിൽ ഉൾക്കിടിലം കൊള്ളിക്കാതിരിക്കയില്ല. ഇവിടെനിന്നും അല്പം മുന്നോട്ടു പോയാൽ റോഡിൽ നിന്നും ഒരൻപതടി ഉയരത്തിലായി ഒരു ചെറിയ ഈന്തപ്പന നില്ക്കുന്നതുകാണാം. ഈ കരിമ്പാറക്കിടയിൽ എങ്ങിനെയാണീ പന വളരുന്നത് എന്നു നമുക്കത്ഭുതം തോന്നാതിരിക്കയില്ല. അതിന്നു സമീപമായി ഒരു ചെറിയ ഗുഹയുമുണ്ട്. ഗുഹയിലേയ്ക്കു ചെന്നു പററാൻ റോഡിൽനിന്നും കുടുംതൂക്കായ ആ പാറയുടെ ചരിവിലൂടെ ഒരു പാദം വയ്ക്കാൻ മാത്രം ഇടമുള്ള പടികൾ വികൃതമായി വെട്ടിയുണ്ടാക്കിയിട്ടുണ്ട്. വളരെ അധികം മനസ്സാന്നിദ്ധ്യമില്ലാത്തവൎക്ക് ആ പടികൾ ചവുട്ടിക്കയറി ഗുഹാമുഖത്തെത്താൻ സാദ്ധ്യമാകയില്ല. ആ ഗുഹാമുഖത്തിൽ ഒന്നു രണ്ടു മണികൾ തൂക്കിയിട്ടുണ്ട്. ഗുഹയ്ക്കുള്ളിൽ തപോവൃത്തിയിൽ കഴിയുന്ന ഒരു യതിവൎയ്യൻ സ്ഥിതിചെയ്യുന്നു. അവിടെ ചെല്ലുന്ന ചുരുക്കം ചിലർ മണിയടിക്കും, ആ യതിയെ നമസ്കരിക്കും, എന്തെങ്കിലും കാണിക്കവെയ്ക്കും. അവിടെ വച്ചിട്ടുള്ള കുങ്കുമാദിപ്രസാദങ്ങൾ സ്വയം എടുത്തു ധരിക്കും, തിരിച്ചു പോരും. ഇതാണ് പതിവ്.

ഈ വികടമായ ഈ പ്രദേശം കഴിഞ്ഞാൽ വഴിക്കു ക്രമേണ വീതി കൂടുകയായി. അളകനന്ദയുടെ മുകളിലുള്ള ഒരു പാലത്തിലൂടെ മറുകര പിടിച്ചു യാത്ര തുടരാം. ഗരുഡഗംഗ എന്ന പ്രസിദ്ധമായ ഒരു പുണ്യസ്ഥലം ഇതിന്നു സമീപമാണ്. മഹാവിഷ്ണുവിന്റെ വാഹനമാകാൻവേണ്ടി ഗരുഡൻ വിഷ്ണുവിനെ തപസ്സു ചെയ്തു വസിച്ചതിവിടെയാണെന്നാണ് സ്ഥലപുരാണങ്ങൾ പറയുന്നത്. ഹിമാലയത്തിലെ പ്രകൃതിഭംഗി ഈ പ്രദേശത്തെ അത്യധികം അഭിരമ്യമാക്കുന്നുണ്ട്. ഇങ്ങിനെ ബഹുവിധങ്ങളായ കാഴ്ചകളാൽ ആകൃഷ്ടരായും, പ്രകൃതിയുടെ വിലാസലഹരിയിൽ ആമഗ്നരായും, ശരീരത്തിന്റെ ക്ഷീണവും ഉദരത്തിന്റെ ആവലാതിയും അറിയാതെതന്നെ ഞങ്ങൾ ജോഷീമഠത്തിൽ എത്തിച്ചേൎന്നപ്പോൾ നേരം സന്ധ്യയായിക്കഴിഞ്ഞിരുന്നു.

(തുടരും)

---

# KAIVALYA SUDHA

*AN ENGLISH MONTHLY*

**Presenting the quintessence of practical Vedanta**

Published by:

**THE JNANA ASRAM**

***On the 15th of every English month.***

**Rate of Subscription: Rs. 5/- per year.**

Reg. No. K. 434




Edited, printed and published by Swami Dayananda Teertha for Jnana [illegible], Parlikad. Printed at the Geetha Press, Trichur.